27.02.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

يَهْدِي بِهِ اللَّهُ مَنِ اتَّبَعَ رِضْوَانَهُ سُبُلَ السَّلَامِ
وَيُخْرِجُهُم مِّنَ الظُّلُمَاتِ إِلَى النُّورِ بِإِذْنِهِ
وَيَهْدِيهِمْ إِلَى صِرَاطٍ مُّسْتَقِيمٍ (5:17)

ഈ ആയത്തിന്റെ അര്‍ത്ഥം ഇപ്രകാരമാണ്. അല്ലാഹു അതു മുഖേന തന്റെ പ്രീതിയെ പിന്‍പറ്റുന്നവരെ സമാധാനത്തിലേക്ക് വഴി നടത്തുന്നു. തന്റെ അനുമതി അനുസരിച്ച് അവരെ അന്ധകാരത്തില്‍ നിന്നും പ്രകാശത്തിലേക്ക് നയിക്കുന്നു. അവന്‍ അവര്‍ക്ക് ചൊവ്വായ വഴിയിലേക്ക് ഹിദായത്ത് നല്‍കുകയും ചെയ്യുന്നു.

1400 വര്‍ഷങ്ങള്‍ക്കുമുമ്പ് ആത്മീയാന്ധകാരം കൊടികുത്തി വാണിരുന്ന കാലത്ത് റസൂല്‍(സ)യെ അയച്ച ദൈവമാണ് ഇസ്‌ലാമിന്റെ ദൈവം. ആ മഹാത്മാവിനു ശേഷം വീണ്ടും അന്ധകാരത്തിന്റെ കാലം വന്നാല്‍ ആഖരീങ്ങളില്‍ നിന്ന് ആ മഹാത്മാവിന്റെ വിനീതദാസനെ എഴുന്നേല്‍പ്പിക്കുകയും അദ്ദേഹം മുഖേന വീണ്ടും വിശുദ്ധഖുര്‍ആന്റെ അദ്ധ്യാപനങ്ങള്‍ ലോകത്തിന്റെ മുമ്പാകെ സമര്‍പ്പിക്കപ്പെടുകയും ചെയ്യുന്നതാണെന്നും തിരുനബി (സ) മുഖേന അവന്‍ സുവാര്‍ത്ത നല്‍കുകയും ചെയ്തു. അദ്ദേഹം മുഖേന ലോകത്ത് ഇസ്‌ലാമിന്റെ സന്ദേശം വീണ്ടും പരക്കുന്നതാണ്. ഇസ്‌ലാമിന്റെ ദൈവം ജീവനുള്ള ദൈവമാകുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും മാനവരാശിയെ നേരായ പന്ഥാവില്‍ നയിക്കുന്നതിനും വേണ്ടി ഓരോ കാലത്തും തന്റെ വരിഷ്ട ദാസരെ അവന്‍ ലോകത്ത് അയക്കുന്നു. എന്നാല്‍ അല്ലാഹുവിലേക്ക് പദമൂന്നുന്നവര്‍ക്കും നേര്‍മാര്‍ഗ്ഗം പ്രാപിക്കാന്‍ ആഗ്രഹിക്കുന്നവര്‍ക്കും മാത്രമേ അല്ലാഹു യഥാര്‍ത്ഥവഴി കാണിക്കുകയുള്ളൂ എന്നും പറഞ്ഞിരിക്കുന്നു. ഇപ്പോള്‍ ഞാന്‍ തിരുനബി(സ) യുടെ കാലത്തുണ്ടായ ചില സംഭവങ്ങളും അതേപോലെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലത്തുണ്ടായ ചില സംഭവങ്ങളും നിങ്ങളുടെ മുമ്പാകെ വെക്കാന്‍ ആഗ്രഹിക്കുന്നു. ഈ സംഭവങ്ങളില്‍ നിന്നും നേര്‍മാര്‍ഗ്ഗത്തിന്നായി പരിശ്രമിക്കുന്നവര്‍ക്ക് അല്ലാഹു എങ്ങിനെയാണ് ഹിദായത്ത് നല്‍കുന്നതെന്ന് മനസ്സിലാകുന്നതാണ്. അതല്ലെങ്കില്‍ അവരുടെ ഏതെങ്കിലും നന്മകാരണമായി അല്ലാഹു അവരെ ഹിദായത്തിലേക്ക് കൊണ്ടുപോകുന്നത് എങ്ങിനെയാണെന്നും മനസ്സിലാകുന്നതാണ്.

ഹദ്‌റത്ത് റസൂല്‍(സ) തിരുമേനിയുടെ കാലത്ത് തുഫേല്‍ ബിന്‍ അംര്‍ എന്ന് പേരുള്ള മാന്യനും ബുദ്ധിമാനുമായ ഒരു കവി ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം കവിയരങ്ങില്‍ പങ്കെടുക്കാന്‍ മക്കയില്‍ വന്നപ്പോള്‍ ഖുറൈശികളില്‍ ചിലര്‍ അദ്ദേഹത്തെ കാണുകയും എന്നിട്ട് അദ്ദേഹത്തോട് ഇപ്രകാരം പറയുകയും ചെയ്തു. "തുഫേല്‍, ഈ വ്യക്തി (മുഹമ്മദ് നബി(സ)) ഇവിടെ نَعُوْذُ بِاللهِ നാട്ടില്‍ വലിയ കുഴപ്പം ഉണ്ടാക്കി വെച്ചിരിക്കുകയാണ്. ഞങ്ങളുടെ ഐക്യം തകര്‍ത്തിരിക്കുകയാണ്. സഹോദരനെ സഹോദരനില്‍നിന്നും പിതാവിനെ പുത്രനില്‍ നിന്നും, മകനെ മാതാവില്‍നിന്നും അകറ്റുകയും അവരെ തമ്മില്‍ അടിപ്പിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ഐന്ദ്രജാലികമായ രീതിയില്‍ കാര്യങ്ങള്‍ അവതരിപ്പിക്കുന്നതുകൊണ്ട് ജനങ്ങള്‍ അദ്ദേഹത്തിന്റെ വലയില്‍ വീഴുന്നു. അതിനാല്‍ താങ്കള്‍ ഒരു ഗോത്രനേതാവു കൂടി ആയതുകൊണ്ട് അദ്ദേഹത്തെ സൂക്ഷിക്കുക. അദ്ദേഹത്തില്‍ നിന്നും രക്ഷപ്പെട്ട് കഴിയുക. അദ്ദേഹത്തിന്റെ വചനങ്ങള്‍ കേള്‍ക്കരുത്." ഇന്ന് പാകിസ്ഥാനില്‍ മുല്ലാക്കള്‍ പറയുന്നതുപോലെ, അതായത് നിങ്ങള്‍ അഹ്മദികളുടെ ഒരു കാര്യവും കേള്‍ക്കരുത്, അവരില്‍നിന്ന് അകന്ന് കഴിയുക, അവരോട് മതപരമായ ഒരു ചര്‍ച്ചയും ചെയ്യുകയുമരുത്, അങ്ങിനെ ചെയ്യുകയാണെങ്കില്‍ അവരുടെ മാന്ത്രിക വലയത്തില്‍ നിങ്ങള്‍ വീണുപോകുന്നതാണ്. പാകിസ്ഥാന്‍ അസംബ്ലിയില്‍ 1974-ല്‍ നടന്ന സംവാദം അവര്‍ വെളിപ്പെടുത്താതെ മറച്ചുവെക്കാനുണ്ടായ കാരണം തന്നെ അത് വെളിപ്പെടുത്തിയാല്‍ ജനങ്ങള്‍ക്ക് കാര്യം മനസ്സിലാകും എന്നതുകൊണ്ടാണ്. തുഫേല്‍ പറയുന്നു, "ഖുറൈശികള്‍ എന്നെ വല്ലാതെ ഭയപ്പെടുത്തിയതു കാര ണം ഞാന്‍ ഒരു കാരണവശാലും തിരുനബിയുടെ അടുത്തുപോലും പോകില്ലെന്ന് ദൃഢനിശ്ചയം ചെയ്തു. മാത്രമല്ല അറിയാതെ അദ്ദേഹത്തിന്റെ വല്ല വാക്കും കേട്ടു പോകുമോ എന്ന് ഭയന്ന് എന്റെ രണ്ട് ചെവികളിലും ഞാന്‍ പഞ്ഞിതിരികിയാണ് നടന്നിരുന്നത്. അങ്ങിനെ ഞാന്‍ കഅ്ബയുടെ അടുത്തെത്തി. അപ്പോള്‍ നമസ്കരിച്ചു കൊണ്ടിരിക്കുന്ന തിരുദൂതരെ കാണാന്‍ ഇടയായി. തിരുനബി(സ)യുടെ അടുത്ത്പോയി ഞാന്‍ വെറുതെ നിന്നു. അദ്ദേഹം ഉരുവിടുന്ന വചനങ്ങള്‍ എനിക്ക് കേള്‍ ക്കാന്‍ സാധിച്ചു. ആ വചനങ്ങള്‍ എനിക്ക് വളരെ ഹൃദ്യമായിത്തോന്നി. അപ്പോള്‍ ഞാന്‍ എന്നെത്തന്നെ ശപിച്ചു കൊണ്ട് പറഞ്ഞു; 'എനിക്കെന്തുപറ്റി, ഞാന്‍ ബുദ്ധിമാനായി ഒരു കവിയല്ലെ! സത്യവും അസത്യവും വിവേചിച്ചറിയാനുള്ള കഴിവ് എനിക്കില്ലേ? അതിനാല്‍ ഇദ്ദേഹത്തിന്റെ വാക്കുകള്‍ കേള്‍ക്കുന്നതു കൊണ്ട് എനിക്കൊരു പ്രശ്നവും വരുന്നതല്ല. നല്ല കാര്യമാണെങ്കില്‍ അത് സ്വീകരിക്കാം അല്ലെങ്കില്‍ തള്ളിക്കളയുകയും ചെയ്യാം. അല്ലാഹു എനിക്ക് ബുദ്ധി നല്‍കിയിട്ടില്ലേ?-അല്ലാഹു സാത്വികരായവര്‍ക്ക് ഈ രീതിയിലാണ് നേര്‍വഴി കാണിക്കുന്നത്- അദ്ദേഹം തുടരുന്നു, തിരുനബി (സ) നമസ്കാരത്തില്‍ നിന്ന് വിരമിച്ച് തന്റെ വീട്

ലക്ഷ്യമാക്കി നടന്നു. ഞാൻ അദ്ദേഹത്തെ പിൻതുടർന്നു. അദ്ദേഹം വീട്ടിൽ പ്രവേശിക്കാനായപ്പോൾ ഞാൻ അദ്ദേഹത്തെ പിന്നിൽ നിന്നും വിളിച്ചുകൊണ്ട് പറഞ്ഞു, മുഹമ്മദ്(സ) ,താങ്കളുടെ സമൂഹം താങ്കളെക്കുറിച്ച് എന്നോട് ഇന്ന ഇന്ന രീതിയിലാണ് പറഞ്ഞത്. താങ്കളുടെ വിവരണം ഐന്ദ്രജാലികമാണ്, താങ്കൾ വീടുകളിൽ ഛിദ്രത ഉണ്ടാക്കിയിരിക്കുന്നു, നാട്ടിലാകെ താങ്കൾ കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണ് എന്നൊക്കെ. മാത്രമല്ല അവർ താങ്കളെക്കുറിച്ച് വല്ലാതെ ഭയപ്പെടുത്തുകയും ചെയ്തു. അതു കാരണം താങ്കളുടെ ഒരു വാക്കു പോലും കേൾക്കാതിരിക്കാനായി ഇരുചെവികളിലും പഞ്ഞി തിരുകി നടക്കുകയായിരുന്നു. എന്നാൽ യാദൃച്ഛികമായി താങ്കളുടെ ചില വചനങ്ങൾ കേൾക്കാൻ സാധിച്ചു. ഞാൻ കേട്ടതത്രയും അതിശ്രേഷ്ഠമായ വചനങ്ങളാണ്. അതു കൊണ്ട് എനിക്ക് ഇനിയും കേൾപ്പിച്ചുതന്നാലും.' തുഫേൽ പറയുന്നു, 'തിരുനബി (സ) ഇസ്‌ലാമിനെകുറിച്ച് എനിക്ക് പല കാര്യങ്ങളും കേൾപ്പിക്കുകയും വിശുദ്ധ ഖുർആൻ കേൾപ്പിക്കുകയും ചെയ്തു. അല്ലാഹുവാണെ സത്യം! ഞാൻ ഇതിനേക്കാളും സുന്ദരവും മനോഹരവുമായ വചനങ്ങൾ ഇതിനുമുമ്പ് ഒരിക്കലും കേട്ടിട്ടില്ല. അതിനു ശേഷം ഞാൻ ഉടനെ ഇസ്‌ലംമതം ആശ്ലേഷിച്ചു. കലിമ ചൊല്ലി. തുടർന്ന് തിരുദൂതരോട് ഞാൻ പറഞ്ഞു, യാറസൂലുല്ലാഹ്, ഞാൻ എന്റെ ഗോത്രത്തിന്റെ നേതാവാണ്. എന്റെ ഗോത്രം എന്റെ വാക്കുകൾ കേൾക്കുന്നതാണ്. അതിനാൽ ഞാൻ തിരികെച്ചെന്ന് അവർക്ക് ഇസ്‌ലാമിന്റെ കാര്യങ്ങൾ കേൾപ്പിക്കുന്നതാണ്. അതുകൊണ്ട് എന്റെ ഈ ഉദ്യമത്തിൽ വിജയം കൈവരിക്കുന്നതിന്നായി താങ്കൾ ദുആ ചെയ്താലും. അതിന്നായി എനിക്ക് വല്ല അടയാളവും നൽകിയാലും. തിരുനബി(സ) എനിക്ക് വേണ്ടി ദുആ ചെയ്യുകയുണ്ടായി. അതിനുശേഷം ഞാൻ എന്റെ നാട്ടിലേക്ക് തിരിച്ചുപോയി." അദ്ദേഹം വിവരിക്കുകയാണ്, " ഞാൻ എന്റെ നാട്ടിന്റെ പ്രവേശനകവാടത്തിൽ എത്തിയപ്പോൾ എന്റെ ഇരുകണ്ണുകൾക്കുമിടയിൽ നെറ്റിത്തടത്തിൽ ആ പ്രകാശം മിന്നിത്തിളങ്ങുന്നതായി അനുഭവപ്പെട്ടു. അപ്പോൾ ഞാൻ ദുആ ചെയ്തു. അല്ലാഹുവേ! ഈ അടയാളം എന്റെ മുഖത്തുനിന്ന് മാറ്റി ശരീരത്തിന്റെ മറ്റെവിടെയെങ്കിലും പ്രകടമാക്കേണമേ. കാരണം, മുഖത്ത് ഇതുകണ്ടാൽ ജനങ്ങൾ 'നിന്റെ മുഖം വികൃതമാണെന്നും' പറഞ്ഞ് പരിഹസിക്കുന്നതാണ് 'അതിനു ശേഷം ഈ പ്രകാശം എന്റെ ഊന്നുവടിയുടെ മുകളിൽ പ്രകടമായി'. ജനങ്ങൾ ഈ അടയാളം ദർശിക്കുകയും ചെയ്തു. അങ്ങിനെ ഞാൻ എന്റെ ഗോത്രത്തിൽ എത്തി. അടുത്തദിവസം എന്റെ പിതാവ് എന്നെ കാണാൻ വേണ്ടി വന്നപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, ഞാനും നിങ്ങളും തമ്മിലുള്ള ബന്ധം ഇന്നുമുതൽ അവസാനിച്ചിരിക്കുന്നു. പിതാവ് ചോദിച്ചു, എന്താണ് കാരണം? പറഞ്ഞു, ഞാൻ ഇസ്‌ലാംമതം ആശ്ലേഷിച്ചിരിക്കുന്നു. തിരുനബി(സ)യുടെ ബൈഅത്തിൽ ഞാൻ വന്നുകഴിഞ്ഞു. പിതാവ് പറഞ്ഞു, ഇസ്‌ലാമിനെക്കുറിച്ച് എനിക്കും പറഞ്ഞുതന്നാലും. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, നിങ്ങൾ പോയി കുളിച്ച് വൃത്തിയായി വന്നാലും. അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശം കേൾപ്പിച്ചപ്പോൾ അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. അതിനു ശേഷം എന്റെ ഭാര്യ വന്നു. ഞാൻ അവളോട് പറഞ്ഞു, ഇന്ന് മുതൽ നമ്മൾ തമ്മിലുള്ള ബന്ധം അവസാനിച്ചിരിക്കുന്നു. കാരണം ഞാൻ ഇസ്‌ലാംമതം സ്വീകരിച്ചിരിക്കുന്നു. അവൾ പറഞ്ഞു, എനിക്കും ഇസ്‌ലാമിനെ കുറിച്ച് കേൾപ്പിച്ചുതന്നാലും. അവളോട് പറഞ്ഞു, നീ പോയി വൃത്തിയായി വരിക. അങ്ങിനെ അവൾ കുളിച്ച് വൃത്തിയായി വന്നു. അവൾക്കും ഇസ്‌ലാമിനെ കുറിച്ച് പറഞ്ഞുകൊടുത്തു. അവളും ഇസ്‌ലാം ആശ്ലേഷിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ എന്റെ ഗോത്രക്കാർക്കിടയിൽ ഞാൻ തബ്‌ലീഗ് തുടങ്ങി. ശക്തമായ എതിർപ്പുകളാണ് അവരിൽനിന്ന് എനിക്ക് നേരിടേണ്ടിവന്നത്. അദ്ദേഹം ദോസ്ഗോത്രത്തിലെ നേതാവായിരുന്നു. അദ്ദേഹം തിരുനബി(സ) യുടെ അടുത്ത് ചെന്ന് പറഞ്ഞു, എന്റെ ജനങ്ങൾ എന്നെ ശക്തമായി എതിർക്കുന്നു. അതുകൊണ്ട് എന്റെ ഗോത്രക്കാർക്കായി ശാപപ്രാർത്ഥ നടത്തിയാലും. തിരുനബി(സ) കൈകളുയർത്തി ഇപ്രകാരം ദുആ ഇരന്നു. 'അല്ലാഹുവേ ദോസ് ഗോത്രക്കാർക്ക് നീ ഹിദായത്ത് നൽകിയാലും'. അതിനുശേഷം തിരുനബി(സ) അദ്ദേഹത്തോട് പറഞ്ഞു, 'താങ്കൾ ഗോത്രത്തിലേക്ക് തിരിച്ചുപോയി സ്നേഹത്തോടും ക്ഷമയോടും കൂടി തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുക.'

അങ്ങിനെ ഞാൻ തിരിച്ചുപോയി എന്റെ ഗോത്രക്കാർക്കിടയിൽ തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. ഈ കാലത്തിനിടയിൽ തിരുനബി(സ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നു. മദീനയിൽ വന്നതിനുശേഷവും മക്കയിലെ നിഷേധികൾ തിരുനബി(സ)ക്കെതിരിൽ ശക്തമായ ആക്രമണങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരുന്നു. അഹ്സാബ് യുദ്ധത്തിനുശേഷമാണ് അദ്ദേഹത്തിന്റെ ഗോത്രത്തിലെ ഭൂരിഭാഗം ആളുകളും ഇസ്‌ലാം സ്വീക രിച്ചത്. തുഫേൽ ഇബ്നു അംറ് ദോസി 70 കുടുംബങ്ങളുമായി മദീനയിൽ ഹിജ്റത്ത് ചെയ്ത് വന്നു. ഹദ്റത്ത് അബുഹുറൈറ(റ) ഈ ഗോത്രത്തിൽ പെട്ട വ്യക്തിയാണ്. തിരുനബി(സ) ഹിദായത്തിനുവേണ്ടി ചെയ്തിരുന്ന ദുആ സ്വീകരിക്കപ്പെടുന്നതിനും അല്ലാഹു ഒരു സമയം വെച്ചിരുന്നു. കുറേ വർഷത്തെ കാത്തിരിപ്പിനു ശേഷമാണ് ആ ദുആ സ്വീകരിക്കപ്പെട്ടത്.

തിരുനബി(സ) ഒരിക്കലും തിടുക്കം കാട്ടിയിരുന്നില്ല. താഇഫ് യാത്രയിലും ഇതുതന്നെയാണ് സംഭവിച്ചത്. മലക്കുകൾ വന്ന് താഇഫിനുമുകളിൽ മലകൾ മറിച്ചിടട്ടെ എന്ന് ചോദിച്ചപ്പോഴും അവരുടെ ഹിദായത്തിന് വേണ്ടിയാണ് തിരുനബി(സ) ദുആ ചെയ്തത്. തിരുദൂതർ അരുളി ഇവരിൽ നിന്നുള്ളവർ തന്നെയാണ് ഹിദായത്ത് കരസ്ഥമാക്കേണ്ടത് . തിരുനബി(സ)യുടെ നടപടിക്രമമായിരുന്നു ഇത്. അതുകൊണ്ടാണ് തിരുനബി(സ) നമുക്ക് ഒരു ദുആ പഠിപ്പിച്ചുതന്നത്.

اَللّٰهُمَّ اهْدِى قَوْمِيْ فَاِنَّهُمْ لا يَعْلَمُوْن

ഈ ദുആ ഇക്കാലത്തും നാം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദം ഉന്നയിച്ചപ്പോഴും ശക്തമായ എതിർപ്പുകളാണ് നേരിടേണ്ടി വന്നത്. പ്രവചനത്തിൽ പറയപ്പെട്ടതുപോലെ അല്ലാഹു ആ മഹാത്മാവിന്റെ പിൻതുണക്കായി പ്ലേഗ് രോഗത്തെ ഇറക്കുകയുണ്ടായി. ഈ അടയാളം ആ മഹാത്മാവിന്റെ സഹായത്തിന്നായി വെളിപ്പെട്ടതായിരുന്നിട്ടു കൂടി അത് താണ്ഢവമാടാൻ തുടങ്ങിയപ്പോൾ ജനങ്ങളോടുള്ള സഹാനുഭൂതി കാരണം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന അസ്വസ്ഥത നിമിത്തം അദ്ദേഹത്തിന്റെ അവസ്ഥ തന്നെ മാറിപ്പോയിരുന്നു. ആ അവസരത്തിൽ വേദന തിങ്ങുന്ന ഹൃദയത്തോടുകൂടി ചെയ്ത പ്രാർത്ഥനയുടെ അവസ്ഥ മൗലവി അബ്ദുൽ ഖയ്യൂം സാഹിബിൽ നിന്നും ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലീ സാഹിബ് ഇർഫാനി നിവേദനം ചെയ്യുന്നുണ്ട്. അദ്ദേഹം പറയുന്നു, 'ആ നാളുകളിൽ ഞാൻ ബൈത്തുദുആയുടെ മുകളിലുള്ള മുറിയിലായിരുന്നു താമസിച്ചിരുന്നത്. ഈ മുറി ദുആക്ക് വേണ്ടി മാത്രം മാറ്റിവെച്ചതായിരുന്നു. അവിടെ നിൽക്കുമ്പോൾ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിങ്ങിപ്പൊട്ടിക്കൊണ്ട് ദുആ ചെയ്യുന്നത് കേൾക്കാമായിരുന്നു. ദുആ ചെയ്യുമ്പോഴുണ്ടാകുന്ന നൊമ്പരത്തിന്റെ ശബ്ദം കേൾക്കുന്നവരുടെ കരളലിയുമായിരുന്നു. സ്ത്രീകൾ പ്രസവവേദനകൊണ്ട് പുളയുന്നതുപോലെ ഞെരുങ്ങുന്ന ശബ്ദം ആ മഹാത്മാവ് ദുആ ചെയ്യുമ്പോൾ കേൾക്കാൻ സാധിച്ചിരുന്നു. ആ മഹാത്മാവ് മനുഷ്യസമൂഹത്തോടുള്ള സഹാനുഭൂതികൊണ്ടാണ് ഇപ്രകാരം ദുആ ചെയ്തിരുന്നത്. അല്ലാഹുവേ ഈ സമൂഹം പ്ലേഗ് മുഖേന നശിപ്പിക്കപ്പെട്ടാൽ ഇനി നിന്നെ ആരാധിക്കാൻ ആരാണുണ്ടാവുക? ഈ രീതിയിലാണ് ആ മഹാത്മാവ് ദുആ ചെയ്തിരുന്നത്. മൗലവി അബ്ദുൽ ഖയ്യൂം സാഹിബിന്റെ നിവേദനത്തിന്റെ ചുരുക്കമാണ് ഞാൻ കേൾപ്പിച്ചത്. ഈ ശിക്ഷ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ നിഷേധിച്ചതു കാരണമാണ് വന്നതെങ്കിലും സമസൃഷ്ടികളോടുള്ള സഹതാപം കാരണം രാത്രിയുടെ നിശബ്ദ യാമങ്ങളിൽ ലോകം സുഖനിദ്ര പ്രാപിക്കുമ്പോൾ മാനവരാശിയുടെ മോചനത്തിനായി ആ മഹാത്മാവ് ദൈവസന്നിധിയിൽ കരഞ്ഞുകൊണ്ട് ദുആ ചെയ്യുകയാണ്. ഈ പ്ലേഗ് പലർക്കും ഹിദായത്തിനുകാരണമായിത്തീർന്ന ഒരടയാളമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു;

അധികം ഹൃദയങ്ങളിലും ലൗകികതയുടെ പൊടിപടലങ്ങൾ പറ്റിപ്പിടിച്ചിരിക്കുകയാണ്. അല്ലാഹു ഈ പൊടിപടലങ്ങളെ നീക്കുമാറാകട്ടെ. അല്ലാഹു ഈ അന്ധകാരത്തെ അകറ്റുമാറാകട്ടെ. ലോകം അൽപ്പം പോലും നന്ദി ഇല്ലാത്തതും മനുഷ്യന്റെ അടിസ്ഥാനം ശൂന്യവുമാണ്. എന്നാൽ അശ്രദ്ധ അധികം ആളുകളെയും യാഥാർത്ഥ്യം മനസ്സിലാക്കുന്നതിൽനിന്നും അകറ്റിനിർത്തിയിരിക്കുകയാണ്. ഈ വിനീതരായ ദാസരെ സംരക്ഷിക്കേണമേ എന്നതാണ് കാരുണ്യനിധിയായ ദൈവത്തോടുള്ള തേട്ടം. മുൻകാല ജീവിതത്തിൽ ഇവർക്ക് ഏൽക്കേണ്ടി വന്ന മുറിവുകൾക്ക് തത്തുല്യമായ മരുന്നും അവൻ നൽകുമാറാകട്ടെ. പ്രകാശത്തെ അന്ധകാരമായും അന്ധകാരത്തെ പ്രകാശമായും തെറ്റിദ്ധരിക്കുകയും പൊങ്ങച്ചം അതിരുവിടുകയും ചെയ്തവരെ നിന്ദ്യരാക്കുകയും ചെയ്യട്ടെ. അതേപോലെ അല്ലാഹു കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് തന്റെ ദാസരിലേക്ക് ശ്രദ്ധതിരിച്ചപ്പോൾ അതിനെ അനുഗ്രഹമായിക്കാണുകയും അതിന് കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യാതെ അജ്ഞരെപ്പോലെ സംശയത്തിൽ അകപ്പെടുകയും ചെയ്തവരെ ലജ്ജിതരാക്കുകയും ചെയ്യുമാറാകട്ടെ. ഈ വിനീതന്റെ വിലാപം അർശിന്റെ നാഥൻ വരെ എത്തിയിട്ടുണ്ടെങ്കിൽ മുഹമ്മദീ പ്രകാശം ഈ കാലത്തെ അന്ധരിൽ പ്രകടമാകുകയും ദൈവീകസഹായങ്ങൾ അത്ഭുതങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യാൻ പോകുന്ന കാലം ഒട്ടും വിദൂരമല്ല."

അല്ലാഹു ആ മഹാത്മാവിന്റെ വിലാപങ്ങൾ കേൾക്കുകയും അതുകാരണം അദ്ദേഹത്തിനെ പിൻതുണക്കുന്നതിന്നായി ഇറക്കപ്പെട്ട അടയാളങ്ങൾ നാം കാണുകയും ചെയ്തു. അതോടൊപ്പം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിലേക്ക് ജനഹൃദയങ്ങൾ എത്രമാത്രം ആകർഷിക്കപ്പെടുന്നുണ്ടെന്നും നാം കാണുന്നു. ഇതുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഞാൻ വിവരിക്കാം.

മലിക്ക് സ്വലാഹുദ്ദീൻ സാഹിബ് എം എ, മൗലവി റഹീമുല്ലാഹ് സാഹിബ് (റ)ന്റെ സംഭവം വിവരിച്ചുകൊണ്ട് എഴുതുന്നു. "മൗലവി റഹീമുല്ലാഹ് സാഹിബ് യഥാർത്ഥ തൗഹീദ് വാദിയായിരുന്നു. പല പണ്ഢിതരുടെയും ശൈഖൻമാരുടെയും സന്നിധിയിൽ പോകാനുള്ള അവസരങ്ങൾ അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട് . എന്നാൽ ഏതെങ്കിലും രീതിയിലുള്ള ശിർക്കിൽ എല്ലാവരും അകപ്പെട്ടിരിക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. അതിനാൽ ആരുടെയും കൈയ്യിൽ ബൈഅത്ത് ചെയ്യാൻ മനസ്സ് സമ്മതിച്ചിരുന്നില്ല. അദ്ദേഹം അഖ്വാൻ സാഹിബിന്റെ ഖ്യാതി കേട്ടപ്പോൾ ദീർഘദൂരം യാത്ര ചെയ്ത് അവിടെ ചെന്നു. അങ്ങിനെ ബൈഅത്ത് ചെയ്യാൻ താത്പര്യം പ്രകടിപ്പിച്ചു. അഖ്വാൻ സാഹിബ് മൗലവി സാഹിബിനോട് തന്റെ രൂപം നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കാൻ ഉപദേശിക്കുകയുണ്ടായി. ഇത് കേട്ടപ്പോൾ നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം പറഞ്ഞു, കഷ്ടം തന്നെ! ഞാൻ ഇത്രയും ദൂരം താണ്ടി വന്നതെല്ലാം വ്യർത്ഥമായിപ്പോയല്ലോ! അഖ്വാൻ സാഹിബും ശിർക്കിലേക്കാണ് കൊണ്ടു പോകുന്നത്. ബൈഅത്ത് ചെയ്യാതെ അദ്ദേഹം തിരിച്ചു.

മൗലവി സാഹിബ് സൂഫീ ജീവിതം നയിക്കുന്ന സാധാരണ വ്യക്തിയായിരുന്നു. ഏകാന്തവാസം ഇഷ്ടപ്പെട്ടിരുന്നു. വിശുദ്ധഖുർആനോടും ഹദീസിനോടും പ്രത്യേക സ്നേഹമായിരുന്നു. ദൈവഭയമുള്ള ഭക്തനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രത്യേകമായ ബന്ധവും പ്രേമവുമായിരുന്നു.

അദ്ദേഹം മസീഹ് മൗഊദ് (അ)ന്റെ ബൈഅത്തിൽ വന്നു. അദ്ദേഹത്തിന്റെ അവസ്ഥ ഒരാൾ നിവേദനം ചെയ്യുന്നുണ്ട്. "പലപ്പോഴും നമസ്കാരത്തിൽ തന്നെ അദ്ദേഹത്തിന് ജാഗ്രതാദർശനം ഉണ്ടാകാറുണ്ട്. അദ്ദേഹത്തിന് തിരുനബി(സ) യുടെയും മറ്റുപല പ്രവാചകന്മാരുടെയും കൂടിക്കാഴ്ച, സ്വപ്നദർശനങ്ങളിലൂടെയും ജാഗ്രതാദർശനങ്ങളിലൂടെയും ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യം അദ്ദേഹത്തിന് സ്പഷ്ടമായ ഇൽഹാമുകളിലൂടെയും കശ്ഫ്, സ്വപ്നദർശനം എന്നിവയിലൂടെയും പ്രകടമായിരുന്നു. അദ്ദേഹം പറയുന്നത് 'ഞാൻ വാഗ്ദത്ത മസീഹിന്റെ വാദത്തെക്കുറിച്ച് ഇസ്തിഖാറ ചെയ്തു. അതിന് മറുപടിയായി ഞാൻ കാണുന്നത്, ആകാശത്ത് നിന്ന് ഒരു പല്ലക്ക് ഇറങ്ങുന്നതാണ്. അപ്പോൾ എന്റെ ഹൃദയത്തിൽ ഇടപ്പെട്ടത് ഹദ്റത്ത് മസീഹ് ആകാശത്തുനിന്ന് ഇറങ്ങി വന്നിട്ടുണ്ടെന്നാണ്. പല്ലക്കിന്റെ മറ നീക്കിയപ്പോൾ കണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെയാണ്. അതിനുശേഷം ഞാൻ ബൈഅത്ത് ചെയ്തു.

ഖിലാഫത്തെ സാനിയായിൽ ഫിജിയിൽ നടന്ന ഒരു സംഭവം കേൾപ്പിക്കാം. ഫിജി ദ്വീപുകളിൽ അഹ്മദിയ്യത്ത് എത്തുന്നതിനുമുൻപ് കൃസ്തുമതത്തിന്റെ ശക്തമായ പ്രചാരണപ്രവർത്തനങ്ങൾ അവിടെ നടന്നു കൊണ്ടിരുന്നു. മുസ്ലിങ്ങളെപ്പോലെ ഈസാനബി(അ) ആകാശത്തുനിന്ന് വരും എന്ന പ്രതീക്ഷയിലായിരുന്നു ക്രിസ്തീയ സമൂഹവും. ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, 'അവരുടെ പ്രവർത്തനഫലമായി ക്രിസ്തുമതമാണ് സത്യം എന്നും ക്രിസ്തുമതം സ്വീകരിക്കുന്നതു കൊണ്ട് ഒരു തെറ്റുമില്ല എന്നും ഞാൻ മനസ്സിൽ കരുതി. അല്ലാഹു എന്നോട് ഫള്ൽ ചെയ്തു. ഞാൻ ക്രിസ്തുമതം സ്വീകരിച്ചിരുന്നില്ല. അതിന്നായി ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ സ്വപ്നദർശനത്തിൽ ഞാൻ ഒരു ഭക്തദാസനെ കാണുകയുണ്ടായി. വളരെ പ്രഭാവത്തോടുകൂടി അദ്ദേഹം എന്നോട് പറഞ്ഞു. 'മുഹമ്മദ് ബശീർ ജാഗ്രത പാലിച്ചാലും. നീ അന്വേഷിക്കുന്ന വ്യക്തി ഈസയോ നാസിരീ മസീഹോ അല്ല. അത് വേറെ ഒരാളാണ് അദ്ദേഹം ലോകത്ത് പ്രകടമായിട്ടുണ്ട്.' ഫിജി ദ്വീപിലെ ആദ്യത്തെ മുബല്ലിഗായിരുന്ന ജനാബ് ശൈഖ് അബ്ദുൽ വാഹിദ് സാഹിബ് അപ്പോൾ ഫിജിയിൽ എത്തിക്കഴിഞ്ഞിരുന്നു. എന്റെ പിതാവ് മുഹമ്മദ് ഖാസിം സാഹിബ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചുകഴിഞ്ഞിരുന്നു. എനിക്ക് ഇതിനോട് ഒരു താത്പര്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഈ സ്വപ്നദർശനത്തിനുശേഷം ജമാഅത്തിന്റെ കാര്യത്തിൽ എനിക്ക് താത്പര്യമുണ്ടായി. ഞാൻ എന്റെ പിതാവിന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്ന് ബൈഅത്ത് ചെയ്തതിനുശേഷം ഇസ്ലാമിനോട് എനിക്ക് അതിയായ സ്നേഹം ഉണ്ടാകുകയും അല്ലാഹു എനിക്ക് ജ്ഞാനവും ഉൾക്കാഴ്ചയും നൽ കുകയും ചെയ്തു. ഇതുകാരണം ക്രിസ്ത്യാനികളുടെ മുമ്പാകെ ഇസ്ലാമിന്റെ സത്യങ്ങൾ സധൈര്യം വെട്ടിത്തുറന്ന് പറയുമായിരുന്നു. അതോടൊപ്പം ക്രിസ്തുമത ത്തിന്റെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുകയും ചെയ്തിരുന്നു.

രണ്ടാം ഖിലാഫത്ത്കാലത്തുള്ള മറ്റൊരു സംഭവം: സെറാലിയോണിലെ ആദ്യകാല അഹ്മദിയായിരുന്ന ഫ്രാൻസ് ഫത്തുല്ലാഹ് സാഹിബിന്നും അത്ഭുതകരമായ രീതിയിൽ സ്വപ്നദർശനത്തിലൂടെ അല്ലാഹു അഹ്മദിയ്യത്തിന്റെ സത്യം വെളിപ്പെടുത്തിക്കൊടുക്കുകയുണ്ടായി. 1939-ൽ ലൂനിയ പ്രദേശത്തെ ഒരു ഗ്രാമമായ ബഊമാഹും എന്ന സ്ഥലത്താണ് ഞാൻ താമസിച്ചിരുന്നത്. അവിടെ ഞാൻ സ്വപ്ന ദർശനത്തിൽ കാണുകയാണ്, അവിടെയുള്ള മാലിക്കിയ്യാ പള്ളിയുടെ അങ്കണത്തിൽ ഞാൻ പുല്ല് പറിച്ച് വൃത്തിയാക്കുകയാണ്. (ആഫ്രിക്കയിൽ മാലിക്കിയ്യാ വിഭാഗത്തിൽ പെട്ടവരാണ് കൂടുതലും കാണപ്പെടുന്നത്.അവർ കൈ കെട്ടാതെയാണ് നമസ്കരിക്കാറുള്ളത്) അദ്ദേഹം തുടരുന്നു, കുറച്ച് നേരം ജോലി ചെയ്തപ്പോൾ എനിക്ക് ക്ഷീണം അനുഭവപ്പെട്ടു. പള്ളിക്കടുത്തുള്ള ഒരു പാം വൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിക്കാനായി അൽപ്പനേരം നിന്നു. അപ്പോൾ ഞാൻ കാണുന്നത്, എന്റെ മുൻവശത്തുകൂടെ വെള്ള വസ്ത്രധാരിയായ ഒരു വ്യക്തി കയ്യിൽ വിശുദ്ധഖുർആനും ബൈബിളും പിടിച്ചുകൊണ്ട് എന്റെ അടുത്തേക്ക് വരുന്നു. എന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം അസ്സലാമു അലൈക്കും എന്നു പറഞ്ഞു. എന്നിട്ട് എന്നോട് ചോദിച്ചു, 'ഈ പള്ളിയുടെ ഇമാം ആരാണ്? എനിക്ക് അദ്ദേഹത്തെ ഒന്ന് കാണണം. ഞാൻ അദ്ദേഹത്തെ അവിടെ നിർത്തി പള്ളിയിലെ ഇമാമിനെ വിളിക്കാൻ പോയി. അൽഖ എന്നായിരുന്നു ഇമാമിന്റെ പേര്. ഞങ്ങൾ തിരിച്ചു വന്നപ്പോൾ ഒരു കാഴ്ച ഞങ്ങളെ അംബരപ്പിച്ചു. പള്ളിയിൽ തണൽ നൽകുന്ന ഒരു ജനൽ ഉണ്ടാക്കിയിരിക്കുന്നു. ഞാൻ കണ്ട അപരിചിതനായ ആ വ്യക്തി മിഅ്റാബിൽ ഇമാമിനു പകരമായി കയറിനിൽക്കുന്നു. അദ്ദേഹം ഞങ്ങളോട് പറഞ്ഞു, ഈ തണലുള്ള സ്ഥലത്ത് ഇരുന്നു കൊണ്ട് എനിക്ക് ഖുർആൻ കേൾപ്പിക്കൂ. അൽപ്പനിമിഷം കഴിഞ്ഞപ്പോൾ അപരിചിതനായ ആ വ്യക്തി പള്ളിയിൽ നിന്നും എഴുന്നേറ്റ് ഞങ്ങളുടെ അടുത്തേക്ക് വന്നു. എന്നിട്ട് ഞങ്ങളുടെ ഇമാമിനെ നോക്കി പറഞ്ഞു, നമസ്കാരത്തിന്റെ ശരിയായ രീതി പഠിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നത്.' അപ്പോഴേക്കും ഞാൻ ഉണർന്നു. രാവിലെ ഞാൻ ഈ സ്വപ്നം എന്റെ മുസ്ലിം സുഹൃത്തുക്കളോട് പറഞ്ഞു.

അദ്ദേഹം പറയുന്നു, 'ഈ സ്വപ്നദർശനത്തിന് ഒരാഴ്ചക്ക് ശേഷം ഞാൻ എന്റെ കൈക്കോട്ടെടുത്ത് കാലത്ത് ഇതേ മഹല്ലിലെ പള്ളിയുടെ പരിസരത്തുള്ള പുല്ല് വൃത്തിയാക്കാൻ തുടങ്ങി. അരമണിക്കൂർ ജോലിചെയ്തു കഴിഞ്ഞപ്പോൾ എനിക്ക് അൽപ്പം ക്ഷീണം അനുഭവപ്പെട്ടു. പാം വൃക്ഷത്തിന്റെ അടുത്ത് വിശ്രമിക്കാനായി നിന്നു. അൽപ്പം മിനിറ്റുകൾ കഴിഞ്ഞപ്പോൾ എന്റെ മുമ്പിലൂടെ ഒരാൾ വരുന്നതായി കണ്ടു. അത് അൽഹാജ് മൗലാനാ നദീർ അഹ്മദ് സാഹിബ് എന്ന അഹ്മദീ മുബല്ലിഗ്

ആയിരുന്നു. അദ്ദേഹം എന്റെ അടുത്ത് വന്ന് അസ്സലാമു അലൈക്കും എന്ന് പറഞ്ഞു. താമസിക്കാൻ പറ്റിയ ഒരിടം അന്വേഷിച്ചു. എന്നേ സംബന്ധിച്ചെടുത്തോളം ഇത് വളരെ സുപ്രധാനമായ സംഭവമായിരുന്നു. കാരണം അൽപ്പം നാളുകൾക്ക് മുമ്പേ ഞാൻ കണ്ട ഒരു സ്വപ്നം അത് അതേ രീതിയിൽ തന്നെ പുലരുകയായിരുന്നു. മൗലവി അൽഹാജ് നദീർ അഹ്മദ് സാഹിബിനെയാണ് ഞാൻ ദർശനത്തിൽ കണ്ടിരുന്നത്. സ്വപ്നത്തിൽ കണ്ട ഏകദേശം അതേ വസ്ത്രം തന്നെയാണ് അദ്ദേഹം അപ്പോൾ ഇട്ടിരുന്നതും. അതിഥിയെ സൽക്കരിക്കുക എന്നത് എന്റെ സൗഭാഗ്യമായി ഞാൻ കരുതുകയും അതുകാരണം മറ്റെവിടെയെങ്കിലും താമസിപ്പിക്കുന്നതിനുപകരം എന്റെ വീട്ടിൽ അദ്ദേഹത്തെ ഞാൻ കൊണ്ടുപോകുകയും ചെയ്തു. എന്റെ വീട് കാലിയാക്കി അദ്ദേഹത്തിന് നൽകി. അതിനുശേഷം എന്റെ മുസ്ലിം സുഹൃത്തുക്കളെ വിളിച്ചുവരുത്തി."ഞാൻ നിങ്ങൾക്ക് നേരത്തേ കേൾപ്പിച്ചിരുന്ന സ്വപ്നം പൂർത്തിയായി, ആ വ്യക്തി വന്നിട്ടുണ്ട്. അദ്ദേഹം എന്റെ വീട്ടിൽ താമസിക്കുകയാണ്"എന്നു പറഞ്ഞു. അദ്ദേഹം പറയുന്നു. കുറച്ച് നാളുകൾക്കുശേഷം ഞാൻ അഹ്മദിയായി. അദ്ദേഹത്തിന്റെ തബ്‌ലീഗ് മുഖേന അല്ലാഹു ഫള്ല് ചെയ്യുകയും ആ ഗ്രാമത്തിലെ ഭൂരിഭാഗം മുസ്ലിംകളും അഹ്മദികളാകുകയും ചെയ്തു.

ഇക്കാലത്തും അല്ലാഹു ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ഹിദായത്ത് നൽകുകയും ചെയ്യുന്നുണ്ട്. നേരത്തേ ഞാൻ കേൾപ്പിച്ചത് പത്തറുപത് വർഷം മുമ്പുള്ള ഒരു സംഭവമാണ്. രണ്ട് നാല് വർഷത്തിനിടയിലുള്ള സംഭവങ്ങളാണ് ഞാൻ ഇനി കേൾപ്പിക്കുന്നത്. അല്ലാഹു ഏതെല്ലാം രീതിയിലാണ് മനുഷ്യർക്ക് ഹിദായത്തിനുള്ള മാർഗ്ഗങ്ങൾ വെട്ടിത്തെളിയിക്കുന്നത് എന്ന് നോക്കുക. പല അടയാളങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്നായി ഇപ്പോഴും തെളിവുകളുടെ ഒരു കുറവുമില്ല. പരിശുദ്ധ ഹൃദയരായിരിക്കണം എന്ന ഒരു നിബന്ധന മാത്രമേ ഉള്ളൂ. മാത്രമല്ല സദുദ്ദേശ്യത്തോടുകൂടി ഹിദായത്ത് അന്വേഷിക്കുന്നവരുമാകേണ്ടതാണ്.

അൽജസാഇറിലെ ഹദ്ദാദ് അബ്ദുൽ ഖാദിർ സാഹിബ് പറയുന്നു, 2004-ലെ റമദാൻ മാസത്തിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഒരാൾ എന്നോട് പറയുകയാണ്, വരൂ! ഞാൻ താങ്കൾക്ക് റസൂൽ(സ)യെ കാണിച്ചുതരാം. ഞാൻ കാണുന്നത് ഒരു മീറ്റർ ഉയരമുള്ള മതിലിനു പിറകിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) നിൽക്കുന്നു. എന്നെ നോക്കി തിരുദൂതർ പുഞ്ചിരിച്ചു. പിന്നെ ഞാൻ കാണുന്നത് തിരുനബിക്കും മതിലിനുമിടയിൽ ഗോതമ്പു നിറത്തിലുള്ള ഒരാൾ നിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ താടി ഇടതൂർന്നതും കറുത്തതുമാണ്. തുരുനബി(സ) ആ വ്യക്തിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു, 'ഹാദാ റസൂലുല്ലാഹി', ഇദ്ദേഹം അല്ലാഹുവിന്റെ റസൂലാണ്. പിന്നീട് തിരുദൂതർ കിഴക്കുഭാഗത്തുള്ള ഒരു പ്രകാശത്തിന്റെ ഭാഗത്തേക്ക് നടന്നുപോയി. എന്നാൽ ഈ വ്യക്തി അവിടെത്തന്നെ നിൽക്കുകയുമാണ്.

അദ്ദേഹം തുടർന്നു പറയുന്നു. 4 വർഷത്തിനുശേഷം യാദൃച്ഛികമായി താങ്കളുടെ ടി.വി ചാനൽ കാണാൻ ഇടയായി. അതിൽ തിരുനബി(സ)യുടെ കൂടെ കണ്ട ആ വ്യക്തിയുടെ ഫോട്ടോ എനിക്ക് കാണാൻ സാധിച്ചു. അത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഫോട്ടോ ആയിരുന്നു.

മിസ്റിലെ ഒരു സഹോദരി ഹാല മുഹമ്മദ് അൽ ജൗഹരി സാഹിബ പറയുന്നു; ഞാൻ ഒരിക്കൽ സ്വപ്ന ദർശനത്തിൽ കാണുകയാണ്, ഇമാം മഹ്ദിയും അദ്ദേഹത്തിന്റെ ജമാഅത്തും വെള്ളത്തിനു മുകളിലൂടെ നടന്നു പോകുകയാണ്. അപ്പോൾ ഞാൻ അപേക്ഷിച്ചു, അദ്ദേഹത്തിന്റെ കൂടെ പോകാൻ എനിക്കും അനുവാദം നൽകിയാലും. അദ്ദേഹം പറഞ്ഞു, തിരിച്ചു വരുമ്പോൾ ഞങ്ങൾ താങ്കളെയും കൂടെ കൂട്ടുന്നതാണ്.' ഈ സ്വപ്നത്തിനു ശേഷം സൂഫിസത്തിൽ ഞാൻ സത്യം അന്വേഷിച്ചു. എനിക്ക് അതിലൊന്നും തൃപ്തി കൈവന്നില്ല. അപ്പോൾ ഞാൻ ഗദ്ഗദം പറഞ്ഞു. എന്റെ സ്വപ്നത്തിന്റെ പൊരുൾ ഒരിക്കലും സൂഫിസം അല്ല. നിങ്ങൾ കണ്ടത് സൂഫിസത്തെത്തന്നെയാണെന്ന് സൂഫിസത്തിൽ വിശ്വസിക്കുന്നവർ നിർബന്ധിച്ച് പറഞ്ഞു. എന്നാൽ വീട്ടിൽവന്ന് ഞാൻ ടി.വി ചാനലുകൾ നോക്കാൻ തുടങ്ങി. അപ്പോൾ എനിക്ക് എം.ടി.എ അൽ അറബിയ്യ കാണാൻ സാധിച്ചു. ഞാൻ സ്വപ്നത്തിൽ കണ്ട അതേ വ്യക്തിയെ ഈ ടി.വി ചാനലിൽ കണ്ടപ്പോൾ ഞാൻ അത്ഭുതസ്തബ്ദയായിപ്പോയി.

ഇറാഖിലെ അബ്ദുൾ റഹീം സാഹിബ് മൻജാൻ പറയുന്നു, ഞൻ സ്വപ്നദർശനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടു. അദ്ദേഹം എന്നോട് പറയുകയാണ്, നീ ഞങ്ങളുടെ ആളാണ്, അതുകൊണ്ട് ബൈഅത്ത് ചെയ്യുക. അതിനാൽ ഞാൻ ഇപ്പോൾ ബൈഅത്ത് ചെയ്യുകയാണ്.

രണ്ട് മൂന്ന് വർഷത്തിനുമുമ്പുള്ള സംഭവങ്ങളാണ് ഞൻ കേൾപ്പിച്ചത്.

മൗറീഷ്യസിലുള്ള ഒരു സംഭവം. വളരെ ദൂരെയുള്ള ഒരു ദ്വീപാണ് മൗറീഷ്യസ്. അവിടെയുള്ള ഒരു മുബല്ലിഗ് സാഹിബ് എഴുതുന്നു, അതിനടുത്തുള്ള ഒരു ചെറിയ ദ്വീപാണ് ഗോൾഡ്രിക്ക്. അവിടുത്തെ ജനസംഖ്യ36000 ആണ്. അവിടെയുള്ളവരെല്ലാം കാത്തലിക് വിഭാഗത്തിൽ പെട്ടവരാണ്. തബ്‌ലീഗിനായി കാലത്ത് ഞങ്ങൾ പുറപ്പെട്ടപ്പോൾ അനുഭാവിയായിരുന്ന ക്രിസ്തീയസുഹൃത്തിനെയും കൂടെക്കൂട്ടി. ആ ദ്വീപിന്റെ മറുവശത്ത് താമസിക്കുന്ന ആ സുഹൃത്തിന്റെ അമ്മയുടെയും വല്ല്യുമ്മയുടെയും അടുത്ത് ഒരു മുന്നറിയിപ്പും കൂടാതെ ഞങ്ങൾ പോയി. വീട്ടിൽ എത്തിയപ്പോൾ ഞങ്ങളുടെ വരവിന്റെ ഉദ്ദേശ്യം പറയുകയും തബ്‌ലീഗ് തുടങ്ങുകയും ചെയ്തു. സുഹൃത്തിന്റെ വല്ല്യമ്മ പറഞ്ഞു; താങ്കൾ ഏതൊരു സന്ദേശവുമായാണോ വന്നിട്ടുള്ളത് അത് തികച്ചും സത്യമാണ്. ഞാൻ അത് സ്വീകരിക്കുന്നു. ഞാൻ താങ്കൾ വരുന്നതിനു മുമ്പേ ഒരു സ്വപ്നം വീട്ടുകാർക്ക് കേൾപ്പിച്ചിരുന്നു. അതിന് ഇവരെല്ലാവരും സാക്ഷികളാണ്. ഞാൻ കണ്ടതിതാണ്;

അപരിചിതരായ ചിലർ ഇവിടെ വന്നിട്ടുണ്ട്. ഞാൻ അവരുടെ കൈപിടിച്ചുകൊണ്ട് പറയുകയാണ് ഈ ബന്ധം എനിക്ക് സമ്മതമാണെന്ന്. നിങ്ങൾ എന്റെ വീട്ടിലേക്ക് നടന്നുവരുന്നത് റൂമിനകത്തിരുന്ന് കണ്ട പ്പോൾ തന്നെ വീട്ടുകാരോട് ഞാൻ പറഞ്ഞു; 'ഞാൻ സ്വപ്നത്തിൽ കണ്ട അതേ വ്യക്തികൾ തന്നെയാണിത്. മുബല്ലിഗ് സാഹിബ് എഴുതുന്നു.രണ്ട് ദിവസത്തിന് ശേ ഷം വീണ്ടും ഞാൻ അവിടെ പോയി. ബൈഅത്തിന്റെ നിബന്ധനകൾ വായിച്ചുകേൾപ്പിക്കുകയും ചെയ്തു. അപ്പോൾ ഈ മഹിളയുടെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുകവിഞ്ഞു. എന്നിട്ട് പറഞ്ഞു, ഈ ഫോറം പൂരി പ്പിക്കുന്നതിൽ എനിക്ക് ഒരു സങ്കോചവും ഇല്ല. കാരണം ഇന്നലെ രാത്രി ഞാൻ സ്വപ്നത്തിൽ എന്റെ മുമ്പിൽ രണ്ട് കടലാസുകൾ സമർപ്പിക്കുന്നതായി കണ്ടിരുന്നു. ഇപ്പോൾ നിങ്ങൾ നീളത്തിൽ മടക്കിപ്പിടിച്ചതു പോലെത്തന്നെ മടക്കിപ്പിടിച്ചുകൊണ്ടാണ് എനിക്ക് സ്വപ്നത്തിൽ നൽക പ്പെട്ടത്. എന്റെ മുമ്പിലിരിക്കുന്ന വീട്ടുകാർക്ക് ഇന്നലെ തന്നെ ഞാൻ ഈ സ്വപ്നം കേൾപ്പിച്ചിട്ടുള്ളതാണ്. അതു കൊണ്ട് അവർ ഇതിനെല്ലാം സാക്ഷി പറയുന്നതാണ്. അങ്ങിനെ അവർ ബൈഅത്ത് ചെയ്തു. ഞാനും ഈ ദ്വീപിൽ പോയിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ രണ്ട് പള്ളികൾ അവിടെയുണ്ട്. അവിടെ പതുക്കെ പതുക്കെ ക്രിസ്തുമതം ഉപേക്ഷിച്ചുകൊണ്ട് ജനങ്ങൾ ഇസ്‌ലാം ആശ്ലേഷിച്ചു കൊണ്ടിരിക്കുകയാണ്.

അമേരിക്കയിലെ മുബല്ലിഗ് ഒരു സംഭവം എഴുതുന്നു. മെക്സിക്കൻ ഇജാദിൽ അഞ്ച് പേരടങ്ങുന്ന ഒരു കുടുംബം അഹ്മദിയ്യത്ത് സ്വീകരിച്ചു. ജോയിഡീയു മേരേല എന്നാണ് ഈ കുടുംബത്തിലെ സ്ത്രീയുടെ പേര്. മോയി എന്നാണ് വിളിക്കാറുള്ളത്. അവർ കണ്ട സ്വപ്നം ഇപ്രകാരം വിവരിക്കുന്നു. ഇവരുടെ കുടുംബം കാത്ത ലിക്ക് വിഭാഗത്തിൽ പെട്ടതാണെങ്കിലും ഇവർ ക്രിസ്തു മതവിശ്വാസമനുസരിച്ച് ഒരിക്കൽപോലും ഒന്നും ചെയ്തി ട്ടില്ല. ഇവർക്ക് 27 വയസ്സ് പ്രായമായപ്പോൾ ഏതോ ഒരു പ്രയാസം നേരിട്ടു. ഹോസ്പിറ്റലിൽ പോയി ചികിത്സിച്ചു. അവർ പറയുന്നു ഞാൻ പ്രാർത്ഥിച്ചു കൊണ്ടേ ഇരുന്നു. ഞാൻ എപ്പോഴും ഏകനായ ദൈവത്തെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കാറുള്ളൂ. ഒരിക്കൽ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ ഒരു കണ്ണാടിയിൽ കണ്ടു. എനിക്ക് സൗഖ്യം ലഭിക്കാൻ ഞാൻ അതിൽ തൊട്ടു. അന്ന് തൊട്ട് ഇന്നേവരെ എനിക്ക് ഒരു കുഴപ്പ വുമില്ല. ആരോഗ്യവതിയാണ്. ആ ഫോട്ടോ ഒരു കണ്ണാടി യുടെ രൂപത്തിലായിരുന്നു. ഇന്ന് വരെ ഞാൻ അത് മറന്നി ട്ടില്ല. അവർ പറയുന്നു. അതിനുശേഷം മെക്സിക്കൊ പ്രകൃതക്കാരിയായ അഹ്മദീ സഹോദരിയെ ഞാൻ കാണുകയുണ്ടായി. അവർ എനിക്ക് വായിക്കാൻ പുസ്ത കം നൽകി. അഹ്മദിയ്യത്തിനെ കുറിച്ച് പരിചയപ്പെടുത്തി ത്തരികയും ചെയ്തു. ഈ പുസ്തകങ്ങളിൽ ഞാൻ ഹദ് റത്ത് മസീഹ് മൗഊദ് (അ)ന്റെ ഫോട്ടോ കണ്ടു. ഫോട്ടോ കണ്ട മാത്രയിൽതന്നെ എന്റെ അവസ്ഥ വല്ലാതെയായി. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഫോട്ടോ നോക്കി ഞാൻ വിതുമ്പിക്കൊണ്ടിരുന്നു. കാരണം അല്ലാഹു എനിക്ക് സത്യം തിരിച്ചറിയുവാനുള്ള തൗഫീഖ് നൽകി യിരിക്കുന്നു. പിന്നീട് അവരും ഭർത്താവും കുട്ടികളു മടക്കം അഹ്മദിയ്യത്ത് സ്വീകരിച്ചു. വിദ്യാസമ്പന്നയായ സ്ത്രീയാണവർ. ഇങ്ങിനെ ലോകത്തെല്ലായിടത്തും സത്യം സ്വീകരിക്കുന്നതിന് അല്ലാഹു സഹായിച്ചുകൊ ണ്ടിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കുന്നതാണ്.

ദുകാടിയായിലുള്ള നമ്മുടെ മുബല്ലിഗ് സാഹിബ് എഴു തുന്നു, ഒല്ലേക്ക് സാഹിബ് എന്ന വ്യക്തി കുറേകാലമായി അനുഭാവിയായി കഴിയുകയായിരുന്നു. ഇദ്ദേഹം ക്രിസ്തു മത വിശ്വാസിയായിരുന്നു, ഭാര്യ നേരത്തെ അഹ്മദിയാ യിട്ടുണ്ടായിരുന്നു, പക്ഷേ ഇദ്ദേഹത്തിന്റെ വീട്ടുക്കാരെ യോർത്ത് ഇദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തയ്യാ റാകുകയുണ്ടായില്ല. മാത്രമല്ല ചർച്ചിന്റെ മേൽനോട്ടവും പരിപാലനചുമതലയുമെല്ലാം ഇദ്ദേഹത്തിന് തന്നെയായി രുന്നു. 2005-ലെ ജൽസയിൽ പങ്കെടുക്കാൻ ക്ഷണി ക്കുകയും ഇദ്ദേഹം ഭാര്യയുമൊത്ത് ജർമൻസമ്മേളന ത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഞാനുമായി മുലാക്കാത്തും നടത്തി. ഹൃദയത്തെ വളരെയധികം സ്വാധീനിച്ചിരുന്നുവെങ്കിലും ബൈഅത്ത് ചെയ്യാൻ തയ്യാ റായിരുന്നില്ല. ഒരു ദിവസം നമ്മുടെ സെന്ററിൽ വന്നു കൊണ്ട് പറഞ്ഞു "എനിക്ക് ബൈഅത്ത് ചെയ്യണം, ഞാൻ അഹ്മദിയാകാൻ ആഗ്രഹിക്കുന്നു". ഞാൻ ചോദിച്ചു "ഇത്ര ദൃതികാണിക്കുവാൻ എന്തുണ്ടായി". അദ്ദേഹം പറഞ്ഞു: "രണ്ടു രാത്രികൾ തുടർച്ചയായി ഖലീഫത്തുൽ മസീഹ് അഞ്ചാമൻ എന്റെ സ്വപ്നത്തിൽവന്നുകൊണ്ട് പറയുന്നു , ഒല്ലേക്ക് നീ എന്റെ അടുത്തേക്ക് വരുന്നില്ലെ ങ്കിൽ ഞാൻ നിന്റെ അടുത്തേക്ക് വരാം. അങ്ങനെ ഹുസൂർ എന്റെ വീട്ടിലേക്ക് വരുന്നു. എനിക്ക് ഇതിൽ അതിയായ ലജ്ജ തോന്നി. ഞാൻ ഉടനെതന്നെ തീരുമാ നിച്ചു. അതുകൊണ്ട് ഇന്നുതന്നെ ഞാൻ അഹ്മദിയ്യ ത്തിൽ പ്രവേശിച്ചുകൊള്ളുന്നു." ഈ രീതിയിലെല്ലാം അല്ലാഹു ഹിദായത്ത് നൽകുന്നു.

കുവൈത്തിലെ അബ്ദുൽ അസീസ് സ്വാലാഹ് സാഹിബ് വിവരിക്കുന്നു. രാത്രിയിൽ ഞാൻ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കണ്ടു. ഞാൻ പരീ ക്ഷ എഴുതിക്കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്ന് എന്റെ പേപ്പർ കയ്യിലെടുത്തു. പരീക്ഷ എഴുതുന്ന മറ്റു പലരും അവിടെയുണ്ടായിരുന്നു. എന്റെ പേപ്പറിൽ ശരി ഇടുകയുണ്ടായി. പിന്നീട് ഞാൻ കാണു ന്നത്,ഞാൻ ഒരു പള്ളിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസിന്റെകൂടെയാണ്, പള്ളി ജനങ്ങ ളാൽ നിറഞ്ഞിരിക്കുന്നു. അവിടെ നിലത്തിരുന്ന് ജനങ്ങ ളെല്ലാം ബൈഅത്ത് ചെയ്യുകയാണ്. ഞാനും അവിടെ യിരുന്ന് ബൈഅത്ത് ചെയ്തു.

മോസ്കോയിൽ നിന്ന് അവിടുത്തെ മുബല്ലിഗ് സാ ഹിബ് എഴുതുന്നു. ഇസ്സതുല്ലാഹ് സാഹിബ് മെയ് 27 ന് നമ്മുടെ മിഷൻ ഹൗസിൽവന്ന് ബൈഅത്ത് ചെയ്യാൻ

ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു. “ഇന്ന് എന്റെ ബൈഅത്ത് എന്തായാലും സ്വീകരിക്കണം. കാരണം രാത്രി സ്വപ്നത്തിൽ മസീഹ് മൗഊദ് (അ) വന്നിരുന്നു, അതുകൊണ്ട് ഇനി വൈകിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം ആവേശഭരിതനായിക്കൊണ്ട് തന്റെ സ്വപ്നം വിവരിക്കുകയുണ്ടായി. ഞാൻ കുണ്ടും കുഴിയുമുള്ള ഒരു റോഡിലൂടെ ബസ്സിൽ യാത്രചെയ്യുകയാണ്. ബസ്സിന്റെ പിൻഭാഗത്താണ് ഞാൻ നിൽക്കുന്നത്. പെട്ടെന്ന് ബസ്സിന്റെ വേഗത കൂടി, അതിന്റെഫലമായി അത് മറിയുകയും അതിന്റെ പിൻഭാഗം താഴേക്ക് തൂങ്ങിനിൽക്കുകയും ചെയ്തു. ഞാൻ മുകളിലേക്ക് കയറാൻ പാടുപെടുന്നുണ്ടെങ്കിലും മുകളിലേക്ക് കയറാൻ സാധിക്കുന്നില്ല. പെട്ടെന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മുഖം ദർശിച്ചു. അദ്ദേഹം വന്ന് അദ്ദേഹത്തിന്റെ വലത് കൈ എന്റെ നേരെനീട്ടി.എന്നിട്ട് എന്നോട് പറഞ്ഞു, “എന്റെ കൈ ശക്തമായിപിടിച്ചുകൊള്ളുക, നീ നശിക്കുന്നതല്ല.” അപ്പോൾ ഞാൻ പറഞ്ഞു, “ഞാൻ എങ്ങിനെ പിടിക്കാനാണ് എനിക്ക് അതിനുള്ള ശക്തിയില്ലല്ലോ” തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്റെ കൈപിടിച്ചു എന്നെ മുകളിലേക്ക് വലിച്ചുകയറ്റുകയുണ്ടായി. അതിനുശേഷം നല്ല റോഡിലൂടെ ഞാൻ യാത്രചെയ്യാൻ തുടങ്ങി

ബുർക്കിനോഫാസയിലുള്ള സാനു ഇസ്ഹാഖ് സാഹിബ് വിവരിക്കുന്നു. ഞങ്ങളുടെ മുഹല്ലയിലുള്ള പള്ളിയിൽ അനഹ്മദി മൗലവി അഹ്മദിയ്യത്തിനെതിരിൽ ഖുത്വുബ നൽകുകയുണ്ടായി. റേഡിയോ അഹ്മദിയ്യാ കേൾക്കരുതെന്ന് ശക്തമായ ഭാഷയിൽതന്നെ അയാൾ പറഞ്ഞു. മൗലവിമാരുടെ അടുത്ത് അഹ്മദിയ്യത്തിനെതിരിൽ ഒരു തെളിവും ഇല്ലാത്തതുകൊണ്ട് ആകെ പറയാനുള്ളത് അവരുടെ കാര്യങ്ങൾ കേൾക്കരുത് എന്നാണ്. മക്കക്കാരുടെ അതേ അവസ്ഥ. ഞാൻ ഇമാം സാഹിബിനോട് പറഞ്ഞു,‘റേഡിയോ കേൾക്കുന്നില്ലെങ്കിൽ ശരിയും തെറ്റും എങ്ങനെ നമുക്ക് മനസ്സിലാകും.’ ഇമാം സാഹിബ് പറഞ്ഞു,‘കേൾക്കാനേ പാടില്ല, കേൾക്കുന്നത് ശരിയല്ല.’ അപ്പോൾ ഞാൻ പറഞ്ഞു, എങ്കിൽ നമുക്കൊരു കാര്യം ചെയ്യാം, അത് നിങ്ങൾക്ക് അംഗീകരിക്കാതിരിക്കാൻ പറ്റില്ലല്ലോ. ബോട്ടോ ജലാസെ എന്ന ഈ പ്രദേശത്തുള്ള മുസ്‌ലിം സംഘടനകളുടെ പേരുകളെല്ലാം വേറെ വേറെ എഴുതി നറുക്കുണ്ടാക്കി ഒരു കുട്ടിയെക്കൊണ്ട് നമുക്ക് നറുക്കെടുപ്പിക്കാം. ആ കുട്ടിക്ക് കിട്ടുന്ന നറുക്കിൽ ഏത് പ്രസ്ഥാനത്തിന്റെ പേരാണോ ഉള്ളത് അത് സത്യമാണെന്ന് നമുക്കംഗീകരിക്കാം. അങ്ങനെ അവിടെയുള്ള എല്ലാ മുസ്‌ലിം സംഘടനകളുടെയും പേരെഴുതി ഒരു കുട്ടിയെ വിളിച്ചു നറുക്കെടുപ്പിച്ചു. ആ കുട്ടി എടുത്ത നറുക്കിൽ ജമാഅത്ത് അഹ്മദിയ്യാ എന്നാണ് എഴുതിയിരുന്നത്. ഇത് കണ്ടപ്പോൾ ഇമാം സാഹിബിന് തൃപ്തിയായില്ല. അദ്ദേഹം പറഞ്ഞു, ഒരു പ്രാവശ്യംകൂടി നറുക്കെടുക്കണം. രണ്ടാം പ്രാവശ്യം എടുത്തപ്പോഴും ജമാഅത്ത് അഹ്മദിയ്യാ എന്ന പേർതന്നെയാണ് വന്നത്. മൂന്നാം പ്രാവശ്യവും എടുക്കാൻ പറഞ്ഞു. ഇമാം സാഹിബ് വളരെയധികം വെപ്രാളപ്പെടുന്നുണ്ടായിരുന്നു. മൂന്നാം പ്രാവശ്യം ജമാഅത്തിന്റെ പേര് വന്നപ്പോൾ അത് അവർക്ക് ഹിദായത്തിന് കാരണമായിത്തീർന്നു.

നോർവ്വേയിലുള്ള ഒരു സംഭവം അമീർ സാഹിബ് എഴുതുകയുണ്ടായി .ഒരാൾ എനിക്കെഴുതി 2004 മെയ് 7 ലെ എന്റെ ഖുത്വുബ ടീവിയിൽ വരികയായിരുന്നു. ഒരനഹ്മദി സഹോദരൻ ഫോൺ ചെയ്തുകൊണ്ട് കാണാൻ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. കൂടിക്കാഴ്ചക്കിടെ അദ്ദേഹം പറഞ്ഞു. ഖുത്വുബ കേൾക്കുന്നതുകൊണ്ട് എന്റെ ജീവിതത്തിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട് അതുകൊണ്ട് ഞാൻ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഈ രീതിയിലും ഹിദായത്തിനുള്ള വഴികൾ തുറന്നുതരുന്നു.

ഇതേപോലെ ബോസ്നിയയിൽനിന്ന് അനുഭാവിയായ ഒരു യുവാവ് സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. ആ യുവാവ് താൻ കണ്ട സ്വപ്നം സ്വയം വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ്. ഞാൻ വലിയൊരു പട്ടണത്തിലൂടെ നടക്കുകയാണ്. അവിടെ എന്തോ ഒരു കുഴപ്പം നടക്കുന്നുണ്ട് ഞാൻ അവിടെ കുറെ ജൂതൻമാരെയും ക്രിസ്താനികളെയും മുസ്‌ലിംകളെയും കണ്ടു. അവരെല്ലാം അസ്വസ്ഥരായിക്കൊണ്ട് മാലിന്യം നിറഞ്ഞ വഴികളിലൂടെ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കുകയാണ്. എന്തോ കാണാതായതുപോലുള്ള ഓട്ടം. പെട്ടെന്ന് എന്റെ ദൃഷ്ടി എന്റെ വലതുഭാഗത്തേക്ക് പതിയുന്നു, ഞാൻ ഒരു മനോഹരമായ വൃക്ഷം കാണുന്നു. അതിന്റെ താഴെ ജനങ്ങളുടെ ചെറിയൊരു സംഘം ഇരിക്കുന്നുണ്ട്, അവർ ശുഭവസ്ത്രധാരികളും പകടി ധരിച്ചവരുമാണ്. മറ്റു ഭാഗങ്ങളിലെല്ലാം വളരെ പ്രശ്നസങ്കീർണ്ണമായ അവസ്ഥയാണെങ്കിൽ ഇവർ വളരെ ശാന്തരായി ഇരിക്കുന്നു. അവരുടെ മുഖങ്ങളിൽ പുഞ്ചിരി വിടർന്നുനിൽക്കുന്നു. സ്വപ്നത്തിൽതന്നെ എനിക്ക് മനസ്സിൽ വരികയാണ്. ഇത് തീർച്ചയായും അഹ്മദികൾതന്നെയാണ്.ഞാൻ അവരുടെ അടുത്ത്പോകുകയും അവരോടൊപ്പം ചേരുകയും ചെയ്യുന്നു. അതിനുശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു.

വിവിധ നാടുകളുമായി ബന്ധപ്പെട്ട പല സംഭവങ്ങളും ഇതുപോലുള്ളതുണ്ട്. ഫിജിയിലെ മുബല്ലിഗ് എഴുതുന്നു 16 വയസ്സുള്ള ഒരു ഹിന്ദുവുണ്ടായിരുന്നു. അവൻ ഒരു മുസ്‌ലിം പെൺകുട്ടിയെ വിവാഹം കഴിച്ചു. അയാൾ ഹിന്ദു തന്നെയായിരുന്നു. ഒരിക്കൽ ഞങ്ങൾ വീട്ടിൽ പോയപ്പോൾ കരഞ്ഞുകൊണ്ട് ഞങ്ങളോട് പറഞ്ഞു. എന്റെ ഭാര്യ നോമ്പ് നോറ്റ് കിടന്നുറങ്ങുകയായിരുന്നു. ഞാനും ഉറങ്ങിപോയി.അപ്പോൾ ഞാൻ സ്വപ്നത്തിൽ കാണുകയാണ്. രണ്ടു പേർ എന്റെ അടുത്തുവന്നു പറയുന്നു, “നീ ഞങ്ങളുടെ കൂടെ ചേർന്നാലും”. അദ്ദേഹം പറയുന്നു, സ്വപ്നത്തിൽ വന്നവർ ധരിച്ച അതേ വസ്ത്രമാണ് നിങ്ങൾ ധരിച്ചിരിക്കുന്നത് .അതിനുശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു.

ജർമനിയിലെ കുർദ് മുസ്‌ലിം കാസിം ദാൽ സാഹിബ് തന്റെ ജർമൻ ഭാര്യയും മൂന്ന് പെൺകുട്ടികളുമായി ജമാഅത്തിന്റെ തബ്‌ലീഗ് സ്റ്റാളിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോയേക്കുറിച്ച് പറഞ്ഞുകൊണ്ട് സംസാരം തുടങ്ങി. വളരെ ദേഷ്യപ്പെട്ടുകൊണ്ട് സംസാരിക്കാൻ തുടങ്ങി. "ഹദ്റത്ത് റസൂൽ (സ) ന് ശേഷം ആരാണ് വരിക" 15 മിനിറ്റ് നേരം സംസാരിച്ചതിന് ശേഷം സെക്രട്ടറി തബ്‌ലീഗ് അദ്ദേഹത്തിന്റെ ഫോൺ നമ്പർ വാങ്ങി. അന്ന് അദ്ദേഹം പോയി അടുത്ത ദിവസം അദ്ദേഹത്തെ ഭക്ഷണത്തിനായി വീട്ടിലേക്ക് ക്ഷണിച്ചു. തബ്‌ലീഗ് കാര്യങ്ങൾ സംസാരിച്ചു, പുസ്തകങ്ങൾ കൊടുത്തു. രണ്ടു ദിവസത്തിന് ശേഷം അദ്ദേഹത്തിന്റെ ഫോൺ വന്നു. ഞാൻ നിങ്ങളുടെ പുസ്തകങ്ങളൊന്നും വായിച്ചിട്ടില്ല, അതെല്ലാം ഞാൻ കത്തിച്ചുകളഞ്ഞു. കാരണം മൗലവിമാർ എന്നോട് പറഞ്ഞത് അവരുടെ ഒരു കാര്യവും വായിക്കുകപോലും ചെയ്യരുതെന്നാണ്. അപ്പോൾ ഞാൻ പറഞ്ഞു "അതൊക്കെ ശരി നിങ്ങൾ വ്യാഴാഴ്ച എന്റെ വീട്ടിൽ വരണം വിശ്വസിച്ചാലും ഇല്ലെങ്കിലും നമ്മൾ തമ്മിലുള്ള സൗഹൃദം അവസാനിക്കുകയില്ലല്ലോ." ഏതായാലും ആ ദിവസവും അദ്ദേഹം വന്നു. അന്ന് നോമ്പ് പിടിച്ചിട്ടാണ് വന്നത്. അഹ്മദികളുടെ വീട്ടിൽനിന്ന് ഭക്ഷണം പോലും കഴിക്കില്ല എന്ന് ഉറപ്പിച്ചു. സംസാരം തുടങ്ങി. സംസാരം വളരെ നീണ്ടുപോയി. അങ്ങിനെ നോമ്പ് തുറക്കാനുള്ള സമയമായി. അദ്ദേഹത്തിന് അവിടെവെച്ച് തന്നെ നോമ്പ് തുറക്കേണ്ടതായിവന്നു. ഭക്ഷണം കഴിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, നിങ്ങൾ മൗലവിമാരുടെ കാര്യം വിട്ട് 40 ദിവസം തുടർച്ചയായി ശുദ്ധഹൃദയത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യതയെക്കുറിച്ച് അല്ലാഹുവിനോട് വേദന തിങ്ങുന്ന ഹൃദയത്തോടെ ദുആ ചെയ്താലും. ഒരു വിദ്വേഷവും മനസ്സിൽവെക്കാൻ പാടില്ല. സെക്രട്ടറി തബ്‌ലീഗ് പറയുന്നു മൂന്നാംദിവസംതന്നെ അദ്ദേഹത്തിന്റെ ഫോൺ വന്നു. അദ്ദേഹം ജോലിചെയ്യുന്ന സ്ഥലത്തു നിന്നാണ് ഫോൺ ചെയ്തത്. അദ്ദേഹം ചോദിച്ചു "നിങ്ങളുടെ കയ്യിൽ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ വല്ല ഫോട്ടോയുമുണ്ടോ." ഞാൻ പറഞ്ഞു "ഉണ്ട്". "എന്നാൽ ഞാനിപ്പോൾ ജോലി നിർത്തി അവിടേക്ക് വരാം" ഞാൻ ചോദിച്ചു "എന്താണ് പ്രശ്നം" അദ്ദേഹം പറഞ്ഞു "എനിക്ക് അശരീരി ഉണ്ടായി. നീ എന്ത് തെളിവാണ് ഇനി ചോദിക്കുന്നത്? തെളിവെല്ലാം നൽകിക്കഴിഞ്ഞില്ലേ!"അതോടൊപ്പംതന്നെ ഞാൻ(ഖലീഫത്തുൽ മസീഹ് ഖാമിസ്)ഒരു സൈന്യത്തിന്റെ കമാന്ററായി നിൽക്കുന്ന അദ്ദേഹം കണ്ട സ്വപ്നം പറയുകയുണ്ടായി. എന്റെ കൂടെ മലക്കുകളും ഉണ്ട്. ചുരുക്കത്തിൽ അതിനുശേഷം അദ്ദേഹം ബൈഅത്ത് ചെയ്തു.

ചില സംഭവങ്ങൾ മാത്രമാണ് ഞാൻ വിവരിച്ചിട്ടുള്ളത് ഇങ്ങനെയുള്ള എത്രയോ സംഭവങ്ങളുണ്ട്. ചിലത് ജൽസകളിൽ കേൾപ്പിക്കാറുള്ളതാണ്. എല്ലാം ജൽസകളിൽ കേൾപ്പിക്കാനുള്ള സമയമുണ്ടാകാറില്ല. ഖാദിയാനിലെ ജൽസകളിൽ കേൾപ്പിക്കാമെന്നാണ് ഞാൻ കണക്കുകൂട്ടിയിരുന്നത്. എന്നാൽ അവിടെയും അവസരം കിട്ടിയില്ല. ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് ചില സംഭവങ്ങൾ വന്നപ്പോൾ ഞാൻ വിവരിച്ചു എന്നേയുള്ളു. അല്ലാഹു ഹിദായത്തിനുള്ള മാർഗ്ഗങ്ങൾ ഈ രീതിയിൽ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പിന്തുണക്കാനായി ഇന്നും നിരവധി അടയാളങ്ങൾ അല്ലാഹു പ്രകടമാക്കിക്കൊണ്ടിരിക്കുന്നു.

അല്ലാഹു ലോകത്തിന് എപ്പോഴും നേർമാർഗം കാണിച്ചുകൊടുക്കുമാറാകട്ടെ. നമ്മേയും എപ്പോഴും ഹിദായത്തിൽ നിലനിർത്തുകയും ചെയ്യുമാറാകട്ടെ. ഹിദായത്തിൽ നിലനിന്നുപോകുന്നതിനുവേണ്ടി തിരുനബി (സ) പല ദുആകളും നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ഹദ്റത്ത് അലി (റ) വിവരിക്കുന്നു, എന്നോട് റസൂൽ (സ) അരുളി "നീ പറയുക ,അല്ലാഹുവേ എനിക്ക് ഹിദായത്ത് തന്നാലും, എന്നെ നേരായ പാന്ഥാവിൽ നിലനിർത്തിയാലും. ഹിദായത്തിനോടൊപ്പം നേരായ മാർഗവും ഓർമ്മയിൽ വെക്കുക. നേരായമാർഗം എന്നതുകൊണ്ടുദ്ദേശിക്കുന്നത് അമ്പുപോലെ നേരെയുള്ളത് എന്നാണ്."

നേരായ പാത എന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണി കേൾപ്പിച്ചുകൊണ്ട് ഞാൻ നേരത്തെ വിശദീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതിൽ മൂന്ന് കാര്യങ്ങളാണ് ഓർമ്മ വെക്കേണ്ടത്. സ്രഷ്ടാവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിർവ്വഹിക്കുന്നതിനോടൊപ്പം തന്റെ നഫ്സിനോടുള്ള കടമയും നിർവ്വഹിക്കുക. ഇതിന്റെയെല്ലാം ഉദ്ദേശ്യം അല്ലാഹുവിലേക്കുള്ള പ്രയാണമായിരിക്കണം. അവന്റെ തൗഹീദ് നിലനാട്ടലായിരിക്കണം. എപ്പോഴും അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കണം.

ഹദ്റത്ത് അബൂ ഇസ്ഹാഖ് (റ) പറയുന്നു. അബു ഹഫീസ് അബ്ദുള്ള വിവരിക്കുന്നതായി ഞാൻ കേട്ടു തിരുനബി (സ) ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു "എന്റെ അല്ലാഹുവേ നിന്നോട് ഞാൻ ഹിദായത്ത്,തഖ്‌വ, പരിശുദ്ധി, സ്വയം പര്യാപ്തത എന്നിവ ആവശ്യപ്പെടുന്നു."

അബൂ മാലിക് (റ) തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. ആരെങ്കിലും ഇസ്‌ലാം സ്വീകരിക്കുമ്പോൾ തിരുനബി (സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു

اَللّٰهُمَّ اغْفِرْلِي وَارْحَمْنِيْ وَاهْدِنِيْ وَارْزُقْنِيْ

അല്ലാഹുവേ നീ എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ, എനിക്ക് ഹിദായത്ത് തരേണമേ, എനിക്ക് രിസ്ഖ് നൽകേണമേ.

ഹിദായത്ത് ലഭിച്ചതിനുശേഷം അതിൽ അല്ലാഹു വർദ്ധനവ് വരുത്തുകയും ചെയ്യുന്നു. ഇത് ഒരു സ്ഥലത്ത് വന്നുനിന്ന്പോകുന്ന ഒന്നല്ല, ഹിദായത്തിൽ അവന്റെ സ്ഥാനം ഉയർന്നുകൊണ്ടേ പോകുന്നതാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു നമുക്കൊരു ദുആ പഠിപ്പിച്ചുതന്നിട്ടുണ്ട് . ഈ ദുആയെക്കുറിച്ച് ഇതിനുമുമ്പും പലവുരു ഞാൻ ജമാഅത്തിനെ ഓർമ്മപ്പെടുത്തിയിട്ടുള്ളതാണ്. ജൂബിലി ദൂആകളിലും ഇത് ഉൾപ്പെട്ടിരുന്നു. ചിലർ ചോദിക്കുന്നുണ്ട് ,ജൂബിലി ദുആകൾ വർഷം കഴിഞ്ഞതുകൊണ്ട് നിർത്തണോ എന്ന് .ദുആകൾ ആദ്യത്തേക്കാളുപരി ചെയ്യുകയാണ് വേണ്ടത്. ഈ ദുആകൾ ഒരു ശീലം ഉണ്ടാക്കാനാണ് പറഞ്ഞിരുന്നത് .വരുന്ന നൂറ്റാണ്ടിൽ ഇതിനേക്കാളും കൂടുതൽ ദുആ ചെയ്യുന്ന ശീലം ഉണ്ടാക്കിത്തീർക്കുക എന്നതാണ് ലക്ഷ്യം. ഇത് നിർത്തുകയല്ല, മറിച്ച് ഇതിനേക്കാളും കൂടുതലായി ദുആ ഇരക്കുകയാണ് ഓരോ അഹ്മദിയും ചെയ്യേണ്ടത്. ഖുർആനിൽ വന്നിരിക്കുന്ന പ്രാർത്ഥനകളിൽ

رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا
مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ

ഞങ്ങളുടെ നാഥാ ,സൻമാർഗം നൽകിയതിനുശേഷം ഞങ്ങളുടെ ഹൃദയം വക്രമായിപ്പോകുന്നതിൽനിന്ന് നീ കാത്ത് രക്ഷിക്കേണമേ, നിന്റെ പക്കൽനിന്ന് നീ കാരുണ്യം നൽകിയാലും, നീ തന്നെയാണ് എല്ലാ കാരുണ്യവും നൽകുന്നത്. ഈ ദുആയും മറ്റു ദുആകളും നാം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ആദരണീയനായ അല്ലാഹുവേ എല്ലാ സമുദായത്തിലേയും അർഹരായ ഹൃദയങ്ങൾക്ക് നീ ഹിദായത്ത് നൽകിയാലും, നിന്റെ സ്വീകാര്യനും ശ്രേഷ്ഠനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ലും നിന്റെ സർവ്വ സമ്പൂർണ്ണമായ വിശുദ്ധ ഖുർആനിലും അവർ വിശ്വസിക്കുമാറാകട്ടെ, അതിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുമാറാകട്ടെ. തന്മൂലം ഒരു യഥാർത്ഥ മുസ്ലിമിന് ഇരുലോകത്തും ലഭിക്കുന്ന അനുഗ്രഹങ്ങളും ആശീർവാദങ്ങളും യഥാർത്ഥ സന്തോഷങ്ങളും അവർക്ക് ലഭിക്കുമാറാകട്ടെ, സാത്ത്വികരായവർക്ക് പരലോകത്ത് മാത്രമല്ല ഈ ലോകത്തും ലഭിക്കുന്ന ശാശ്വതമായ മോക്ഷവും ജീവിതവും അവർക്കും ലഭിക്കുമാറാകട്ടെ.

ഞാൻ തുടക്കത്തിൽപ്പറഞ്ഞതുപോലെ ഒരു ദുആക്കുകൂടി ഞാൻ പറയുകയാണ് തിരുനബി (സ) ചെയ്ത ദുആകളിൽ ഒന്ന് اَللّٰهُمَّ اهْدِ قَوْمِيْ فَاِنَّهُمْ لا يَعْلَمُوْنَ എന്നതാണ്. ഉഹ്ദ് യുദ്ധത്തിൽ തിരുനബി (സ) പല്ല് ശഹീദാകുകയുണ്ടായി. ഇത് സഹാബാക്കളെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമായ നിമിഷങ്ങളായിരുന്നു. അവർ തിരുനബി(സ)യോട് പറഞ്ഞു, ഈ എതിരാളികൾക്കായി താങ്കൾ ശാപപ്രാർത്ഥന നടത്തിയാലും. തിരുനബി(സ) അതിന് ഇപ്രകാരം മറുപടി നൽകി, എന്നെ ശാപം ചൊരിയുന്നവനായി അല്ലാഹു അയച്ചിട്ടില്ല, ഞാൻ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനും അനുഗ്രഹം നൽകുന്നവനുമായാണ് അയക്കപ്പെട്ടത്. എന്നിട്ട് ഇപ്രകാരം ദുആ ചെയ്തു

اَللّٰهُمَّ اهْدِ قَوْمِيْ فَاِنَّهُمْ لا يَعْلَمُوْنَ

അല്ലാഹുവേ ഈ സമൂഹത്തിന് ഹിദായത്ത് നൽകേണമേ, കാരണം അവർ എന്നെ അറിയുന്നില്ല.

ഈ ഒരു ദുആ തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)നും പഠിപ്പിച്ചുക്കൊടുത്തത്. അദ്ദേഹത്തിന്റെ ജമാഅത്തും ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇന്നുള്ള പാകിസ്താന്റെ അവസ്ഥ മനസ്സിൽവെച്ചുകൊണ്ട് പാകിസ്താനികൾ ഈ ദുആ അധികമായി ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. എതിർപ്പിൽ അവർ മുന്നേറുകയാണ്. അവർ ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളും മറന്നുപോയിരിക്കുന്നു, മറക്കേണ്ടതുമായിരുന്നു. ഇതുകാരണം പല പ്രതിസന്ധികളിലും അവർ അകപ്പെട്ടിരിക്കുകയാണ്. നാടിന്റെ പോക്ക് എങ്ങോട്ടാണെന്ന് അവർ അറിയുന്നില്ല, ഇവരോട് ഇപ്പോൾ എന്തെല്ലാമാണ് ചെയ്ത്കൊണ്ടിരിക്കുന്നതെന്നും ഭാവിയിൽ ഇവരോട് എന്തെല്ലാം ചെയ്യാൻപോകുന്നു എന്നും ഇവർ അറിയുന്നില്ല, ഇവർ ഹിദായത്തിലേക്ക് വരാത്തിടത്തോളംകാലം ഈ അവസ്ഥ തുടർന്നുകൊണ്ടുപോകുന്നതാണ്. അതുകൊണ്ട് അല്ലാഹു നാട്ടിനോടും ജനങ്ങളോടും കരുണ ചൊരിയുമാറാകട്ടെ. അവർക്കായി വേദനതിങ്ങുന്ന ഹൃദയത്തോടെ ദുആ ചെയ്യുക. ജമാഅത്തിനെതിരിൽ നിത്യവും പുതിയ പുതിയ നീക്കങ്ങൾ അവർ നടത്തിക്കൊണ്ടിരിക്കുന്നു. ആ നാട്ടിൽ മനുഷ്യ ജീവന് ഒരു വിലയും ഇല്ലാതായിരിക്കുന്നു. ഈ കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിച്ചു എന്നതുകൊണ്ടാണ് ഇവർ അഹ്മദികളെ മർദ്ദിക്കുന്നതും ശഹീദാക്കുന്നതുമെല്ലാം.നിത്യവും ഏതെങ്കിലും ശഹാദത്തിനെക്കുറിച്ചുള്ള വാർത്തയോ അതുമല്ലെങ്കിൽ ആരെയെങ്കിലും ഏതെങ്കിലും കേസിൽ കുടുക്കുകയോ ചെയ്ത വാർത്തകളോ വന്നുകൊണ്ടിരിക്കുന്നു.

യൗമേ മുസ്ലിഹ് മൗഊദ് യോഗത്തിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ, രണ്ട് ദിവസംമുമ്പ് നമ്മുടെ ഒരു മുറബ്ബിയെ അദ്ദേഹം ബസ്സ് കാത്തിരിക്കുമ്പോൾ മോട്ടോർ സൈക്കിളിൽ രണ്ടാൾ വന്ന് ഫയറിംഗ് നടത്തി. ജനങ്ങൾ ഒച്ചപ്പാടുണ്ടാക്കിയപ്പോൾ അവർ ഓടിപ്പോയി. എന്നാൽ വീണ്ടും അവർ തിരിച്ചുവന്ന് മുറബ്ബി സാഹിബിനെ ഉന്നം നോക്കി വെടിവെച്ചു. അല്ലാഹുവിന്റെ ഫള്ലാണ് അദ്ദേഹത്തിന്റെ കാലുകളിലാണ് വെടിയേറ്റത്. അദ്ദേഹം ഇപ്പോൾ ഹോസ്പിറ്റലിലാണ്. അല്ലാഹു അദ്ദേഹത്തിന് ശിഫാ നൽകുമാറാകട്ടെ, അല്ലാഹു ഈ സമൂഹത്തിനും ബുദ്ധി നൽകുമാറാകട്ടെ, അവിടെയുള്ള നേതാക്കൻമാർ സ്വയം വഞ്ചകരാണ്. ഇപ്പോൾ മൗലവിമാരുടെ കളിപ്പാവകളായി മാറി അധാർമികതയിൽ അവർ മുന്നേറുകയാണ്, ഇവർ രാഷ്ട്രത്തെ കുരുതികൊടുത്തിരിക്കുകയാണ്, അല്ലാഹു കരുണചൊരിയുമാറാകട്ടെ.

ചിലരുടെ ജനാസ നമസ്കാരങ്ങൾ ഞാൻ ഇപ്പോൾ നമസ്കരിക്കുന്നതാണ്, അതിനെക്കുറിച്ച് ചുരുങ്ങിയ നിലയിൽ വിവരിക്കാം. മഹ്മൂദ് അഹ്മദ് സാഹിബ് സാദിഖ് കറാച്ചിയുടെ മകൻ മുബശ്ശിർ അഹ്മദ് സാഹിബിന്റെ ജനാസ നമസ്കാരമാണ് ഒന്നാമത്തേത്. 42 വയസ്സായിരുന്നു. ഫെബ്രുവരി 22 ന് അദ്ദേഹത്തെ അജ്ഞാത

രായ ആളുകൾ വെടിവെച്ചു ശഹീദാക്കുകയുണ്ടായി إِنَّا لِلّٰهِ وَإِنَّـــا إِلَيْهِ رَاجِعُونَ കുറച്ചു ദിവസമായി അദ്ദേഹത്തിന് വധഭീഷണി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ആ പ്രദേശത്തെ പോലീസ് ഇൻസ്പെക്ടർ പറഞ്ഞു. ഇദ്ദേഹം ജോലി ചെയ്യുന്നതിന്റെ അടുത്ത് ഒരു മദ്രസയുണ്ട് അവിടെനിന്ന് രണ്ടാൾ വന്ന് ഇദ്ദേഹത്തെ വെടിവെച്ചു വീഴ്ത്തുകയാണുണ്ടായത്. രാത്രി വൈകിയിട്ടും വീട്ടിൽ വരുന്നത് കാണാതിരുന്നപ്പോൾ വീട്ടുകാർ അദ്ദേഹത്തെക്കുറിച്ച് അന്വേഷിക്കുകയും, അപ്പോൾ ആരോ ഇവരെ ശഹീദാക്കിയിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്യുകയായിരുന്നു. മുഖ്ലിസും, നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള ആളും ദഅ്വത്തെ ഇലല്ലാഹ് പ്രവർത്തനങ്ങൾ ആവേശത്തോടുകൂടി ചെയ്യുന്ന ആളുമായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഭാര്യയും ഒരു ആൺകുട്ടിയും രണ്ട് പെൺകുട്ടികളും ഉണ്ട്. ഇവർ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചതായിരുന്നു. അല്ലാഹു ഇവരേയും സംരക്ഷിക്കുമാറാകട്ടെ അല്ലാഹു അവർക്ക് മതിയായവനായിത്തീരട്ടെ.

രണ്ടാമത്തെ ജനാസ പ്രിയ സുഹൃത്ത് അഹ്മദീസഹോദരൻ മുനീർ ഹാമിദ് സാഹിബിന്റേതാണ്. അദ്ദേഹം ആഫ്രോഅമേരിക്കൻ ആയിരുന്നു. إِنَّا لِلّٰهِ وَإِنَّـــا إِلَيْهِ رَاجِعُونَ 15-ാം വയസ്സിൽ, 1957 ലാണ് ഇദ്ദേഹം ഒറ്റക്ക് ബൈഅത്ത് ചെയ്തത്. നല്ല കൂറുള്ള ആത്മാർത്ഥനായ അഹ്മദിയായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനത്തിൽ എപ്പോഴും അദ്ദേഹം മുൻനിരയിലായിരുന്നു. അമേരിക്കയിലെ ആദ്യത്തെ നാഷണൽ ഖായിദാകാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. 30 വർഷക്കാലം ഫെഡർഫിയാ ജമാഅത്തിന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1997 മുതൽ വഫാത്ത് വരെ ജമാഅത്ത് അഹ്മദിയ്യാ, അമേരിക്കയുടെ നാഇബ് അമീർ ആയി സേവനം അനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാപിതാക്കൾ മുസ്ലിംകൾ ആയിരുന്നില്ല. പിതാവിന് മതത്തോട് താൽപര്യമുണ്ടായിരുന്നില്ല. മാതാവ് ചർച്ചിൽ പോയിരുന്നു എന്നു മാത്രമല്ല ചർച്ചിലെ മിഷനറിയായിത്തീരാൻ ഇദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. പത്ത് സഹോദരി സഹോദരൻമാരിൽ ഇദ്ദേഹത്തിന് മാത്രമേ മതത്തോട് താൽപര്യം ഉണ്ടായിരുന്നുള്ളു. ഇദ്ദേഹത്തിന് ഇസ്ലാം മതം സ്വീകരിക്കാനുള്ള തൗഫീക്ക് ലഭിച്ചു. ഇതുകാരണം സഹോദരിസഹോദരൻമാർ അദ്ദേഹത്തെ എതിർക്കുകയും ചെയ്തിരുന്നു. ഒരിക്കൽ മാതാവ് രോഗിയായിരുന്നപ്പോൾ സഹോദരിസഹോദരൻമാരുടെ ലിസ്റ്റിൽ നിന്ന് മുനീർ ഹാമിദ് സാഹിബിന്റെ പേര് മുസ്ലീമായതിന്റെ കാരണത്താൽ നീക്കിക്കളയുകയും ചെയ്തു. മുസ്ലീം പേര് അവരുടെ ലിസ്റ്റിൽവന്നാൽ മാതാവിന് പ്രയാസം നേരിടേണ്ടിവരും എന്നാണ് അവർ പറഞ്ഞിരുന്നത്. അദ്ദേഹം ബൈഅത്ത് ചെയ്തപ്പോൾ, അന്ന് ജമാഅത്തിന്റെ ചട്ടമനുസരിച്ച്, ഇപ്പോഴുള്ള മതവിശ്വാസമുപേക്ഷിച്ച് എന്റെ ഇഷ്ടപ്രകാരമാണ് മറ്റൊരു മതത്തിലേക്ക് ഞാൻ പോകുന്നത് എന്ന് എഴുതി അത് സാക്ഷ്യപ്പെടുത്താൻ മാതാപിതാക്കളുടേയോ മുതിർന്ന ബന്ധുവിന്റെയോ ഒപ്പ് ആവശ്യമായിരുന്നു. അതിനാൽ ഇദ്ദേഹം ബൈഅത്ത് ഫോറം പൂരിപ്പിച്ച് ഒപ്പ് വാങ്ങാൻ മാതാവിന്റെയടുത്ത് ചെന്നപ്പോൾ അവർ ഒപ്പിടാൻ വിസമ്മതിച്ചു. എന്നിരു ന്നാലും ആത്മീയതയിൽ മറ്റു മക്കളേക്കാളൊക്കെ മിക ച്ചു നിൽക്കുന്നത് ഇദ്ദേഹമാണെന്ന് തന്നെയായിരുന്നു മാതാവിന്റെ അഭിപ്രായം. അദ്ദേഹം പറയുന്നു "ഇസ്ലാം മതതത്ത്വജ്ഞാനം വായിച്ചിട്ടാണ് ഞാൻ അഹ്മദിയായത്, എനിക്ക് സത്യം വെളിപ്പെടുകയുണ്ടായി." അദ്ദേഹം പറയുന്നു "അതിനു ശേഷം ഖലീഫത്തുൽമസീഹ് രണ്ടാമന് ഒരു കത്തയച്ചു. അതിന്റെ മറുപടി എനിക്ക് കിട്ടിയപ്പോൾ, ആ കത്ത് എന്നെ ആകെ മാറ്റിമറിക്കുകയായിരുന്നു. വിശ്വാസത്തിൽ വർദ്ധനയുണ്ടായി". നാട്യങ്ങളൊന്നുമില്ലാത്ത സൗമ്യപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. വിനീതനും സാത്ത്വികനുമായിരുന്നു. പലപ്പോഴും എന്നെ സന്ദർശിച്ചിട്ടുണ്ട്. വളരെ സ്നേഹത്തോടെയായിരുന്നു ഞങ്ങളുടെ മുലാഖാത്ത്. ജമാഅത്തിന്റെ ജൽസകളിൽ ആകർഷകമായ രീതിയിൽ പ്രസംഗം അവതരിപ്പിക്കാറുണ്ടായിരുന്നു. തിരുനബി(സ)നോട് പ്രത്യേക സ്നേഹമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടും സ്നേഹവും ആത്മബന്ധവും ഉണ്ടായിരുന്നു. തിരുനബി(സ)ന്റെ പേര് കേൾക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ കണ്ണുനീർ തുളുമ്പിവരുമായിരുന്നു. ഖലീഫമാരോടും ഖിലാഫത്തിനോടും ആഴത്തിലുള്ള ബന്ധമായിരുന്നു. ഇവിടെ ലണ്ടനിൽ എന്നെ ആദ്യമായി കണ്ടത് ബംഗ്ലാദേശ് ജലസയിൽ പങ്കെടുക്കാൻവേണ്ടി പോകുമ്പോഴാണ്. ജൽസയിൽനിന്ന് തിരിച്ചുവന്നപ്പോൾ വീണ്ടും മുലാഖാത്ത് നടത്തുകയുണ്ടായി. ബംഗ്ലാദേശ് ജൽസക്കും താങ്കളുമായുള്ള മുലാഖാത്തിനും ശേഷം ഞാൻ പുതിയ രീതിയിൽ ചാർജ്ജായിരിക്കുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. ഞാനുമായി മുലാഖാത്ത് നടത്തുമ്പോഴെല്ലാം വല്ലാതെ വൈകാരികമായി പ്രതികരിക്കാറുണ്ടായിരുന്നു. കഴിഞ്ഞ വർഷം ഞാൻ അമേരിക്കയിൽ പോയപ്പോൾ രോഗം കാരണം അദ്ദേഹത്തിന് ജൽസയിൽ പങ്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ അന്വേഷിച്ചപ്പോൾ രോഗിയാണെന്നറിഞ്ഞു. ഞാൻ കരുതിയിരുന്നത് ചെറിയ എന്തോ രോഗമാണെന്നാണ്. രോഗത്തിന്റെ അവസ്ഥയെക്കുറിച്ച് എനിക്ക് അറിയാൻ സാധിച്ചില്ല. ഇത്ര മാരകമായ രോഗമാണെന്ന് വീട്ടുകാരും അറിഞ്ഞിരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഇതിനെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിൽ, ഏതെങ്കിലും രീതിയിൽ സമയം കണ്ടെത്തി വീട്ടിൽപോയി കാണുമായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ ഒരു വിധവയും ഒരു മകനും രണ്ട് പെൺകുട്ടികളെയുമാണ് അദ്ദേഹം വിട്ടേച്ച് പോയത്. മുനീർ ഹാമിദ് സാഹിബിന്റെ നന്മകളെ നിലനിർത്തുവാൻ ഇവർക്കും തൗഫീക്ക് നൽകുമാറാകട്ടെ. അല്ലാഹു പ്രത്യേകമായ രീതിയിൽ ഹിദായത്തിലേക്ക് വഴിനടത്തപ്പെട്ട വ്യക്തികളിൽ ഒരാളായിരുന്നു ഇദ്ദേഹവും. ഇവിടെ പത്ത് മക്കളിൽ ഒരാൾക്ക് മാത്രമേ ഹിദായത്ത് സ്വീകരിക്കുവാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായിട്ടുള്ളു.

മൂന്നാമത്തെ ജനാസ ജനാബ് മഹ്മൂദ് അഹ്മദ് സാഹിബ് ഖാദിയാന്റെതാണ്. ഫിബ്രുവരി 25 ന്, 83–ാം വയസ്സിലാണ് ഇദ്ദേഹം വഫാത്തായത് اِنَّا لِلّٰهِ وَاِنَّـــآ اِلَيْهِ رَاجِعونَ സ്വാത്തികനും ഭക്തനും നമസ്കാരത്തിൽ കൃത്യത പാലിക്കുന്ന ആളും ക്ഷമാശീലനും കൃതജ്ഞ്തയുള്ളയാളുമായിരുന്നു. ദർവേശുമാർ എല്ലാവരുംതന്നെ ക്ഷമാശീലരും കൃതജ്ഞതയുള്ളവരുമാണ്. യൗവനത്തിൽതന്നെ ശൈഖ്പൂരയിൽനിന്നും ഖാദിയാനിലേക്ക് ഹിജ്റത്ത് ചെയ്ത് വന്ന് മദ്റസ അഹ്മദിയ്യായിൽ ചേരുകയും ജീവിതം വഖ്ഫ് ചെയ്യുവാനുള്ള സൗഭാഗ്യം ലഭിക്കുകയും ചെയ്തു. ഖലീഫത്തുൽമസീഹ് രണ്ടാമന്റെ നിർദേശപ്രകാരം സൈന്യത്തിൽ ചേർന്നു ഹുസൂറിന്റെ തന്നെ കൽപനപ്രകാരം സൈന്യത്തിൽനിന്ന് പിരിഞ്ഞ് ജമാഅത്തിന്റെ സേവനത്തിൽ വരികയുണ്ടായി. നാസിർ ബൈത്തുൽ മാൽ ആമദ്, ഖർച്ച്, നാഇബ് നാസിം വഖ്ഫ് ജദീദ്, നാസിർ വഖ്ഫ് ജദീദ് ബേറൂൻ എന്നീ തസ്തികകളിൽ ജോലി ചെയ്യാനുള്ള തൗഫീക്ക് അദ്ദേഹത്തിന് ലഭിച്ചു. മൂന്ന് പെൺകുട്ടികളും മൂന്ന് ആൺകുട്ടികളുമാണ് ഇദ്ദേഹത്തിനുള്ളത്. നസീർ അഹ്മദ് ആരിഫ് സാഹിബിന് നസാറത്ത് ഉമൂറെ ആമ ഖാദിയാനിൽ സേവനമനുഷ്ഠിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുകയാണ്.

മുനീറാ യൂസുഫ് സാഹിബയുടെ ജനാസയാണ് അടുത്തത്. കമാൽ യൂസുഫ് സാഹിബിന്റെ ഭാര്യയാണിവർ കാൻസർ രോഗത്തിന്റെ പിടിയിലായിരുന്നു. ഒരു നീണ്ട കാലം രോഗ ശയ്യയിലായിരുന്നു. ഫെബ്രുവരിയിൽ ഇവർ വഫാത്തായി. സയ്യിദ് സർവ്വർശാ സാഹിബിന്റെ പേരമകൾ ആയിരുന്നു. ഇവരുടെ ഭർത്താവ് കമാൽ യൂസുഫ് സാഹിബ് സ്കാന്റിനേവിയൻ രാജ്യങ്ങളിൽ മുബല്ലിഗായി വലിയ സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഇവർ അദ്ദേഹത്തിന്റെ കൂടെ അവിടെ ഉണ്ടായിരുന്നു. അഥിതിസൽക്കാരപ്രിയയായിരുന്നു. മിഷ്യൻഹൗസിന്റെ കാര്യങ്ങളെല്ലാം നോക്കിയിരുന്നു. ജമാഅത്തിനോട് നല്ല ബന്ധവും മസീഹ് മൗഊദ്(അ)നോടും ഖലീഫമാരോടും പ്രത്യേകമായ സ്നേഹബന്ധം പുലർത്തിയിരുന്നു. അല്ലാഹു ഇവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ഇവർക്ക് രണ്ട് ആൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട്. കമാൽ യൂസുഫ് സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

അമത്തുൽ ഹയ്യ് സാഹിബയുടേതാണ് അടുത്തത്. ബശീർ അഹ്മദ് സിയാൽകോട്ടി, റബ്വയുടെ ഭാര്യയാണിവർ. ഇതേപോലെ ബശീർ അഹ്മദ് സാഹിബ് സിയാൽകോട്ടിയുടെ ജനാസ നമസ്കാരമാണ് അടുത്തത്. ഭാര്യയുടെ മരണത്തിന്റെ അടുത്ത നാളുകളിൽ ഇദ്ദേഹത്തിന്റെ മരണവും നടക്കുകയുണ്ടായി ഇവർ രണ്ടുപേരും നമ്മുടെ മുറബ്ബിയും ഇപ്പോൾ പ്രൈവറ്റ് സെക്രട്ടറി ലണ്ടനിൽ ജോലിചെയ്യുകയും ചെയ്യുന്ന റവൂഫ് സാഹിബിന്റെ മാതാപിതാക്കളാണ്. 27 ജനുവരിയിലാണ് ഉമ്മ മരിച്ചത്. 25 ഫെബ്രുവരിയിൽ ഉപ്പയും. ഇരുവരും ഭക്തരും ദുആ ചെയ്യുന്നവരുമായിരുന്നു. ആദ്യകാലങ്ങളിൽ റബ്വയിൽ വന്ന് താമസിക്കുകയും ഇവിടെതന്നെ ജോലി ചെയ്യുകയും ചെയ്തവരിൽപ്പെട്ടവരാണ്. ഒരു മകളും അഞ്ച് ആൺമക്കളുമുണ്ട്. അല്ലാഹു ഇരുവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ, ഇവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം ഇവരുടെയും ജനാസ നമസ്കാരം ഉണ്ടായിരിക്കുന്നതാണ്.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 27 -02 - 2009 at**
**Baithul Futuh**
**UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**